ശരീരം വ്യാപിച്ച് നാദസ്വരം ശക്തിയും തരുന്നത്.
③ അഷ്ടപദി × നവശക്തി.
8 × 9 = 72.
72 മേളകർത്താരാഗങ്ങളിൽ ശരീരത്തിലും പ്രപഞ്ചത്തിലും
720000 നാഡികളിലൂടെ ഒഴുകി നിറയുന്ന നാദം.

2. യാ വാം സന്തി പുരുസ്പൃഹോ നിയുതോ ദാശുഷേ നരാ
ഇന്ദ്രാഗ്നീ താഭിരാ ഗതം.
3. താഭിരാ ഗച്ഛതം നരോപേദം സവനം സുതം
ഇന്ദ്രാഗ്നീ സോമപീതയേ.
(ഋഷി ഭരദ്വാജോ ബാർഹസ്പത്യ. ദേവത ഇന്ദ്രാഗ്നി. ഛന്ദസ് ഗായത്രി സ്വരം ഷഡ്ജം) [ഇന്ദ്രാഗ്നികളെ ഉക്ത, [illegible] ഇവരായി സ്വീകരിക്കുന്നു]
ഇന്ദ്രാഗ്നികളേ, ഈ സ്തോത്രങ്ങൾ നിങ്ങൾക്കായി ഉച്ചരിക്കപ്പെടുന്നു.
പാനം ചെയ്ത് സോമരസത്താൽ ([illegible]) തൃപ്തി നേടിയാലും.
ഇന്ദ്രാഗ്നികളേ, നരന്മാരെ നയിക്കുന്നവരേ, ദാതാക്കളുടെ നിയുതകളായ
കുതിരകളുടെ പലതാലും ആഗ്രഹിക്കപ്പെട്ടവരായി ഇവിടെ വരിക.
ഇന്ദ്രാഗ്നികളേ, ഈ സവനത്തിൽ വരിക. സോമം പാനം ചെയ്യുക.

XI (1) അർഷാ സോമ ദ്യുമത്തമോഽഭി ദ്രോണാനി രോരുവത്.
സീദ ശ്യേനോ ന യോനിമാ.
(2) അപ്സാ ഇന്ദ്രായ വായവേ വരുണായ മരുദ്ഭ്യ:
സോമാ അർഷന്തു വിഷ്ണവേ.
(3) ഇഷം തോകായ നോ ദധദസ്മഭ്യം സോമ വിശ്വത:
ആ പവസ്വ സഹസ്രിണം.
(ഋഷി:- ഭൃഗുർ വാരുണി, ജമദഗ്നിർഭാർഗവൻ. ദേവത. പവമാന സോമൻ, ഛന്ദസ് ഗായത്രി. സ്വരം ഷഡ്ജം)
പവമാനകാണ്ഡം (പ്രപാഠകം 6, അർദ്ധം 1. ദശതി 4) സൂക്തം 7 മ
ത്തെ മൂന്നാം സൂക്തം.
പ്രകാശിക്കുന്ന സോമം (ആനന്ദം — ബ്രഹ്മ) ഹൃദയദ്രോണങ്ങളിൽ (കലശ/കുടം) നാദം മുഴക്കി, ശബ്ദിക്കുന്നവനായി, ആനന്ദം പകരു
ഉള്ള പക്ഷി ലോകത്തേക്കെന്നപോലെ സമ്പാദിക്കുന്നു. (നാദസ്വരൂപം, ആനന്ദസ്വരൂപം — രണ്ടും പരമാത്മാവ്. [illegible] കഴിഞ്ഞ സൂക്തത്തിൽ [illegible], ബ്രഹ്മമായി സ്വീകരിക്കുന്നതിന്റെ ഉദാഹരണമാണ് ഈ സൂക്തം [illegible]. (ഉദാ: ഭൃഗു, ജമദഗ്നി, ഭാർഗ്ഗവ വംശം [illegible] കടലിലേക്ക് [illegible])
ജലം, ഇന്ദ്രൻ, വായു, വരുണൻ, മരുത്തുക്കൾ എന്നിവയാൽ എന്നും സോമം വർഷിക്കുന്ന സർവ്വവ്യാപിക്ക് (വിഷ്ണുവിന്) നമസ്കാരം പറയുന്നു. (വിഷ്ണു പദം സർവ്വവ്യാപിയാണ്; ഉപാസകം. അതിനാൽ ജലം, ഇന്ദ്രിയങ്ങൾ, വായു, വരുണൻ, മരുത്തുക്കൾ വർഷിക്കുന്നു. സർവ്വനാരായണനാൽ വർഷിക്കുന്നു).

നമ്മുടെ വംശങ്ങൾക്കെല്ലാം വിശ്വത്തിന്റെ സൗഭാഗ്യം. അന്നം നൽകുക. അതിനായി ധാരധാരയായി വന്ന് (ചിന്നംചിന്നം) പവിത്രീകരിക്കുക. (സൂര്യരശ്മികളോടും, ജലവർഷം, മഴ, ഇന്ദ്രിയ ഭോഗങ്ങൾ ആയ അന്നം, അതുകൊണ്ട് ഉണ്ടാകുന്ന ശിശുക്കളുടെ ആനന്ദവർഷം ഇവയോടും)

XII 1 സോമ ഉ ഷ്വാണഃ സോതൃഭിരധി ഷ്ണുഭിരവീനാം
അശ്വയേവ ഹരിതാ യാതി ധാരയാ മന്ദ്രയാ യാതി ധാരയാ
2. അനൂപേ ഗോമാൻ ഗോഭിരക്ഷാഃ സോമോ ദുഗ്ധാഭിരക്ഷാഃ
സമുദ്രം ന സംവരണാന്യഗ്മൻ മന്ദീ മദായ തോശതേ:

സോമത്തെ പവിത്രത്തിലെ കല്ലുകളിൽ ഇടിച്ച് പിഴിയുന്നു. അത് അശ്വത്തെപ്പോലെ ഹരിതമായി ധാരധാരയായി മന്ദ്രമായി ഒഴുകുന്നു. അതുപോലെ ഗോക്കളുടെ ഉപാസിക്കുന്നതിൽ നിന്നും പാൽ ഒഴുകുന്നു. (യോഗിയുടെ നാഡികളിലൂടെ മന്ദമായി ഒഴുകുന്ന ഓജസ്സ് — ജ്ഞാനമായി — വാക്കായി പുറത്തു പ്രകാശിക്കുന്നു). അനുപദേശത്തേക്ക് ഗോക്കളുടെ നദികൾ ഗോക്കളെ മേയ്ക്കാൻ കൊണ്ടുചെല്ലുന്നു. അതുപോലെ സോമത്തിന്റെ ആനന്ദമാകുന്ന പാലരുവികൾ ഹൃദയത്തിലേക്ക് (നാഡികളിൽ നിന്ന്) ഒഴുകുന്നു. ജലം സമുദ്രത്തിലേക്ക് സംവരണം ചെയ്യുന്നതുപോലെ ആനന്ദം ഭാഗ്യവാന്മാരുടെ ഹൃദയത്തിൽ നിറയുന്നു.
പവമാനസോമം ഋഗ്വേദം 6 (മണ്ഡലം) ദശകം 5 സൂക്തം 5
തന്നെ ഇവിടെയും സൂക്തം/.

XIII 1 യത് സോമ ചിത്രമുക്ഥ്യം ദിവ്യം പാർഥിവം വസു.
തന്നഃ പുനാന ആ ഭര.
2 വൃഷാ പുനാന ആയൂംഷി സ്തനയന്നധി ബർഹിഷി
ഹരിഃ സന്യോനിമാസദഃ
3 യുവം ഹി സ്ഥഃ സ്വഃപതീ ഇന്ദ്രശ്ച സോമ ഗോപതീ
ഈശാനാ പിപ്യതം ധിയഃ
(ഋഷി അസിതൻ, കാശ്യപൻ, ദേവലൻ. ദേവത പവമാനസോമൻ. ഛന്ദസ് ഗായത്രി. സ്വരം ഷഡ്ജം)
സോമാ, ചിത്രങ്ങളും ദിവ്യങ്ങളും പാർഥിവങ്ങളും ആയ വസ്തുക്കളും ഉക്ഥ്യങ്ങളും കൊണ്ടുവരിക. പവിത്രീകരിച്ചുകൊണ്ട് ഞാൻ ഞങ്ങളെ നിറച്ച് (പൂരിപ്പിച്ച്) തരിക.
അതെങ്ങനെയും പുനരും യജ്ഞവേദിയിലും വർഷിക്കുന്നതിനാൽ മേഘം പോലെ (വർഷിച്ച്, സ്തനിച്ച് നാദം മുഴക്കി) ആയുസ്സ്

വർദ്ധിപ്പിക്കുന്നവനേ, ഹരീ, സത്തായ നിന്റെ യോനികളിൽ (ഞങ്ങളുടെ

ഹൃദയങ്ങളിൽ — (ബുദ്ധിയിൽ) ഇരിക്കുക. ഭവാനായ നീ സംസ്തുതനാ
യി, സ്വപതിയായി വാഴുക. ഇന്ദ്രനാർക്ക് (ഇന്ദ്രിയങ്ങളുടെ അധിപതി
കളായ ശതക്രതുക്കൾക്ക്) സോമനാണ് ഗോപതി. ഈ ഗാനം ധീയെ
വർദ്ധിപ്പിക്കട്ടെ.

ഹരിയുടെ യോനി പത്നിയായ ശ്രീ (ബുദ്ധി) യും അനാദികളുടെയും ഉപാസ
കരുടെയും ഹൃദയമുണ്ട്. അവയിൽ നിത്യയൗവനയുക്തനായി സ്വപതി
യായും ഭർത്തൃ പശുക്കൾക്കും (ഗോ = വാക്ക്, പ്രകാശം എന്നർത്ഥം)
നാദപ്രകാശങ്ങൾക്കും, ഇന്ദ്രിയങ്ങൾക്കും, പതിയായും ഹരി ഇരിക്കുന്നു.
അതിനാലാണ് മനുഷ്യർ ബുദ്ധി, ഉക്ഥം (വാക്ക്, കവിത്വം), ജ്ഞാനം
ഇവ നേടി, ആയുഷ്മാന്മാരായി ശ്രീയുടെ സമൃദ്ധിയെ പതിക്കൊത്ത
നൊരാൾ സമ്പാദിക്കുന്നത്. അതുകൊണ്ടു ഈ ഗാനത്താൽ സദാ ബുദ്ധിയെ
വർദ്ധിപ്പിക്കാൻ, വിദ്യ വർദ്ധിപ്പിക്കാൻ ഉത്സുകനാണ്.

XIV 1 ഇന്ദ്രമദായ വാവൃതേ ശവസേ വൃത്രഹാനൃഭി:
തമിന്മഹത്സ്വാജിഷൂതിമർഭേ ഹവാമഹേ സ വാജേഷു പ്ര നോƒവിഷത്.

~~2- ഉപ ജ്ഞസ്യ പാവ്യോദ വരിമ ഖദ് ഉപാവദം.~~
~~യജ്ഞസ്യ സദ്മ ധാമമിന്ദ്രിയം~~
~~3 ശീണി ത്രിസ്യ ധാരയാ പൃഷ്ഠേ ഷ്വൈര യദ്രയിം~~
~~ചീകീതേ അന്യ യോജനാ വി സുരു:~~

2. അസി ഹി വീര സേന്യോƒസി ഭൂരി പരാദദി:
അസി ദഭ്രസ്യ ചിദ്വൃധോ യജമാനായ ശിക്ഷസി സുന്വതേ ഭൂരി തേ വസു.
3. യദുദീരത ആജയോ ധൃഷ്ണവേ ധീയതേ ധനാ
യുങ്ക്ഷ്വാ മദച്യുതാ ഹരീ കം ഹനഃ കം വസൗ ദധോƒസ്മാം ഇന്ദ്ര
വസൗ ദധ:

(ഋഷി ഗോതമോ രാഹൂഗണ. ദേവത. ഇന്ദ്രൻ ഛന്ദസ് പങ്ക്തി.
സ്വരം പഞ്ചമം).

ദേവന്മാർ, ജനങ്ങൾ എന്നിവരുടെ വിജയമദത്തിനും ഇന്ദ്രനെ ഞങ്ങളുടെ
സ്തോതാവിനെ ഞങ്ങൾ വരിക്കുന്നു. അവനെ ഞങ്ങൾ ബുദ്ധിയിലെ യുദ്ധങ്ങൾക്കാ
യി ഞങ്ങൾ ആശ്രയിക്കുന്നു. ചെറുതും വലുതുമായ എല്ലാ യുദ്ധത്തിലും അവൻ
സഹായിക്കട്ടെ. (ജീവിതാ യോധനത്തിൽ)
വീരനായ നാഥാ ദേവ, നീ സേനയ്ക്ക് നന്മ വരുത്തുന്നു. അനേക ശത്രുക്ക
ളെ ജയിക്കുന്നു. ബലത്തിലില്ലാത്തവർക്ക് വൈഭവം നൽകി ശക്തരാക്കുന്നു.
യജമാനന്മാർക്ക് ധനം നൽകുന്നു; ശിക്ഷ (വിദ്യ) യും നൽകുന്നു.
നിന്നാൽ സന്യാസ ധനം (സത്യധർമ്മം) സംരക്ഷിക്കപ്പെടുന്നു.

കർഷിതമയോടെ ആത്മ്യം നടന്നുന്നവർക്ക് സുഖിരമായനം സദ്വി
വിജയവും നൽകുന്നു. ജ്ഞാനവും കർമ്മവും നിറഞ്ഞ സഹായികളായിനിന്ന്
പ്രതിബന്ധങ്ങൾ തരണം ചെയ്യാൻ സഹായിക്കുന്നു. അങ്ങനെ മോക്ഷ
സുഖവും (കം) വസുക്കളും ഞങ്ങൾക്ക് തരുന്നു. ഇന്ദ്ര, നീ വസുക്കൾ
തരുന്നവനാണ്.

ഐന്ദ്രകാണ്ഡം അദ്ധ്യാ. 4. ഭാഗം 7. സൂക്തം 6 തന്നെ ഇവിടത്തെ
3ാം സൂക്തം. അതേ ഭാഗത്തിലെ 3ാം സൂക്തം ഇവിടെ 6ാം
സൂക്തം. അവിടെ ഋഷി നാമം ഗൗതമ എന്നേ ഉള്ളൂ.
ഇവിടെ ഗൗതമ രാഹൂഗണനെന്ന് [രാഹൂഗണം / ഋഷിയിലെ
ഗണങ്ങൾ] വിശേഷണമായി നാമം ചേർത്ത് പറഞ്ഞിരിക്കുന്നു.
ആ ഭാഗത്തെ ഭാഷ്യം ചേർത്ത് വായിക്കുക.

XV 1 സ്വാദോരിത്ഥാ വിഷൂവതോ മധ്വഃ പിബന്തി ഗൗര്യഃ
യാ ഇന്ദ്രേണ സയാവരീർവൃഷ്ണാ മദന്തി ശോഭസേ വസ്വീരനുസ്വരാജ്യം
2. താ അസ്യ പൃശനായുവഃ സോമം ശ്രീണന്തി പൃശ്നയഃ
പ്രിയാ ഇന്ദ്രസ്യ ധേനവോ വജ്രം ഹിന്വന്തി സായകം വസ്വീരനുസ്വരാജ്യം
3 താ അസ്യ നമസാ സഹഃ സപര്യന്തി പ്രചേതസഃ
വ്രതാന്യസ്യ സശ്ചിരേ പുരൂണി പൂർവ്വചിത്തയേ വസ്വീരനുസ്വരാജ്യം.
(ഋഷി ഗൗതമോ രാഹൂഗണഃ, ദേവത ഇന്ദ്രൻ, ഛന്ദസ് പങ്ക്തി-
സ്വരം പഞ്ചമം) [6ാം സൂക്തം ഐന്ദ്രകാണ്ഡം അദ്ധ്യാ. 4 ഭാഗം 7 - സൂക്തം 6 (തന്നെ)]

വിഷുവത്തിൽ ശോഭിക്കുന്ന സൂര്യനിലെ സ്വാദിഷ്ഠമായ മധു
ഗൗരികൾ കുടിക്കുന്നു, ഏകതാനത് ഇന്ദ്രനാൽ വരിതെറ്റാതെ
(വരിവസ്യ) തെറ്റാതെ വൃഷ്ണികളോടൊപ്പം (വർഷിക്കുന്നവ)
അതിന്റെ ആനന്ദലഹരിയാൽ ശോഭിച്ച്, മനോഹരമായി വശ്യ
(വശീകരണം / ആകർഷണ ശക്തി) കളായി കൂടെ (സൂര്യരശ്മികളോ
ടൊപ്പം) സ്വരാജ്യം അനുഭവിക്കുന്നു.
ഈ സുവർണ്ണ ശുഭ്ര സുന്ദരങ്ങളായ പൃശ്നകൾ (പൃശ്നികൾ)
സോമത്താൽ 'ശ്രീ' (ഐശ്വര്യവതികൾ) കളായി അനുഭവിക്കുന്നു.
ഇന്ദ്രന്റെ പ്രിയകളായ ധേനുക്കൾ വജ്രം പോലെ സായക
ങ്ങളെയെല്ലാം (വൃഷ്ടി സായകം / കാമബാണം) ഹനിച്ച്
വശികളായി ഒപ്പം സ്വരാജ്യം നേടുന്നു.
അവയെ നമിച്ച് അവരോടൊപ്പം പ്രചേതസ്സുകൾ സപര്യ
നടത്തുന്നു. അവരുടെ ഉദാരങ്ങളായ (പുരാണങ്ങൾ) ആദ്യ
അനേകം വ്രതങ്ങൾ അനുഷ്ഠിച്ച് പൂർവ്വചിന്തനത്തിനായി (പൂർവ്വചിത്തി)
വശികളായി സ്വരാജ്യം നേടുന്നു.

വിഷുവത്, ഗൗരി, വരിവൃഷ്ടാ, വഹ്നി, സ്വാരാജ്യം, ബുദ്ധി,
ശ്രീ, ധേനു, വജ്രം, സായകം, നമസ്, പ്രചോദനസ്, കുട്ടിച്ചാത്തൻ
തുടങ്ങിയ പദങ്ങളാൽ ഈ ക്രമ സൂത്രങ്ങൾ ഉപയോഗിക്കാറാണ്.
'വഹ്നിനസ്വരാജ്യം' എന്ന വാക്യം ക്രമസൂത്രത്തിലും അവസാനവാക്യ
മാണ്. പഴയ കൃതികളും അങ്ങനെ ലേഖനമാണ്
കടപയാദിയിൽ ഈ വാക്യ സംഖ്യ 4520728.

2010 ഏപ്രിൽ 14 (വിഷുവത്) കലിദിന സംഖ്യ 1866836 (കലി തുടങ്ങിയ മുതൽ). 4520728 − 1866836 = 2653892.

ഇതിനെ ചൈത്രാദി സിദ്ധാന്തത്തിലെ വർഷദിനസംഖ്യ 366 കൊണ്ട് ഹരിച്ചാൽ 7251 വർഷം 26 ദിവസം എന്ന് കിട്ടും. ~~ഇത് ക്രിസ്ത്വബ്ദം ... (4251 − 3104 = 4147) ... 4147 വർഷം മുമ്പ്~~ ശ്രീവിദ്യ ഗൗരിയുടെ ഉപാസനയ്ക്ക് ആരംഭം വിഷുവത് (വിഷു) സംഖ്യാദിനമാണ് എന്ന് പറയുന്നത്.

കലിവർഷാരംഭത്തിന് 4147 വർഷം മുമ്പ് ശ്രീവിദ്യയുടെ കാലം. (ചില ഗ്രന്ഥങ്ങളിൽ വഹ്നിനമ എന്നാണ്. അപ്പോൾ കലിദിന സംഖ്യ 4720728 എന്നാവും. ഇതുതന്നെ ചെയ്യണം എന്നും). ഗൗരി:- വാക്കുകൾ, വെളുത്ത പശുക്കൾ, ശിവശക്തികൾ. വിഷുവത്തിലെ ശുഭ്രമായ സൂര്യോദയം മുതൽ പതിനെട്ടോളം വന്ന മഴയാൽ ഭൂമി (വിളവ് വന്നു) സൂര്യരശ്മികളുമായി സമ്മേളിച്ച് 'സൂര്യനാരായണി' ആയി ശോഭിക്കുന്നു. ശബ്ദ (നാദം) പ്രകാശം ഇവ തമ്മിൽ (ശ്രുതി, ദർശനം) അഭേദം പറഞ്ഞിരിക്കുന്നു. വഹ്നി ശ്രീചക്രത്തിന്റെ മധ്യത്തിലുള്ള ആകർഷണ ശക്തി. സൂര്യനിൽ സൂര്യയായി ശോഭിക്കുന്നതാണ് ഭൂമി തുടങ്ങിയ ഗ്രഹ ങ്ങളും ഗ്രഹങ്ങളിൽ വഹ്നി ആകർഷണ ശക്തി. കാന്തിക വൈദ്യുത ശക്തിയും സൂര്യോർജ ശക്തിയും അഗ്നിമണ്ഡലം, സൂര്യൻ, ചന്ദ്രൻ, ജലം, ഭൂമി, ആകാശം ഇവ കൂടിച്ചേർന്നതാണ് പതിനെട്ടാമത്തെ ഭുവനം. സർവ ചൈതന്യത്തിനും ആധാരത്തിനും നിദാനം. അതിനാൽ 'ശ്രീ' എന്ന പദം 'ഗൗരി', 'ബുദ്ധി', 'ഭൂമി' ഇവയിൽ നിന്നും അഭിന്നമായി ഉപയോഗിക്കുന്നു. സർവ വിദ്യയും 'ശ്രീവിദ്യ'യിൽ പെടുന്നു; ഗൗരി എന്ന വാക്കിന്, ഭൂമിയിലെ പുത്രന്മാർ (കാമുക് എന്ന ബുദ്ധി പുത്രർ) ഉള്ളവരെന്ന വാക്കിന് അവ അന്തർഭവിച്ചിരിക്കുന്നു. അതുതന്നെ അർത്ഥത്തിൽ വംശവൃദ്ധിയായ ശ്രീചക്ര സംയോഗം അഥവാ സംസാരത്തിലെ വഹ്നിയും ശ്രീചക്രത്തിൽ ആ സംസാരതാരക സായകമെന്ന നശിപ്പിക്കുന്ന വജ്രസദൃശമായ ജ്ഞാനവും (ശ്രീവിദ്യ) പറയുന്നു. എന്നിരുന്നാലും നശിക്കുന്ന പരബ്രഹ്മചൈതന്യകൾ. അവർ മഹാത്മാക്കളാണ്, സന്യാസികളായ യോഗികളുമാണ്. അനേകം യുഗങ്ങളിൽ അനേക പുണ്യാത്മാക്കൾ ആയിരം അനേകം മനുഷ്യഗണങ്ങൾ



സൃഷ്ടികൾ നടന്ന ഈ രണ്ടു പന്ഥാവുകളിലൂടെയും നടന്ന് രണ്ടു വിധങ്ങളിലൂടെ സ്വാതന്ത്ര്യം നേടിക്കഴിഞ്ഞു എന്നാണ് പൌരാണിക ഗ്രന്ഥങ്ങൾ പറയുന്നത്. ഈ സൃഷ്ടികളിൽ സൃഷ്ടിച്ചതിനെ ([illegible]) പ്രപഞ്ചങ്ങളുടെ തന്നിലൂടെ അതേപോലെ പെരുമാറുന്ന പറയുന്നുണ്ട്.

മേടം 1 വിഷുവത് – ലക്ഷ്യസ്ഥാനം. അശ്വതിരേവതികളുടെ സന്ധിസ്ഥാനം. ബാക്കി വന്ന 26 ദിനത്തെ രണ്ടിലൊന്നാ, അഭിജിത്ത് ഈ സ്ഥാനത്തു നിന്ന് ഇരുവശത്തേക്കും കാണുക.

അഭിജിത്ത് 13 + 13. മേടം 0° 0°യിൽ നിന്ന് 13° 20' ഇരുവശത്തേക്ക് രേവതി, മറുവശത്തേക്ക് അശ്വതി – ഇവയാണ് പുരോഗമനത്തെ എന്ന അശ്വിനികൾ. രണ്ടിലും 26 എണ്ണപ്പെട്ടാൽ ഒരുവശത്ത് അശ്വതി, ഭരണി കഴിഞ്ഞ് 26° 40'ൽ കൃത്തികാദി – സൃഷ്ടികാലത്തെ പുരാതി.
മറുവശത്ത് മീനം 3° 20' കഴിഞ്ഞ് (പൂരോരുട്ടാതി – പൂർവ്വഭാദ്രപാദം – അന്ത്യപാദം കഴിഞ്ഞ്) ഉത്തരഭാദ്രപാദം (ഉത്രട്ടാതി) ആരംഭം.
ഈ 51 – 52 നാഡികളിൽ അക്ഷരങ്ങളിൽ ലയനം (അല ഭാരാട്ടുപാട്ടുപോലെ അങ്ങോട്ടുമിങ്ങോട്ടും ആടുന്ന ചാഞ്ചാട്ടം – ഒളിത- oscillation) ചെയ്യുന്ന ഗതിയുടെ ചിലവതിൽ ഭരണസ്ഥാനം പ്രപഞ്ചത്തിൽ ലഭിക്കുന്നു; സർവ്വിക്കുന്ന എന്ന ജ്യോതിഷതത്വം.
ശ്രീവിദ്യാരഹസ്യവും ഇതിൽ അടങ്ങിയിരിക്കുന്നു. 72;51; എന്നിവ 72000 നാഡി, 72 മേളകർത്താ; 51 അക്ഷരവർണ്ണങ്ങൾ ഇവകളുടെ അതിസൂക്ഷ്മവും ശ്രീമന്ത്രമായി സൃഷ്ടിക്കപ്പെട്ട സംഗീത സാഹിത്യരൂപമായ ശ്രീവിദ്യാ ചക്രവുമാണ്.

XVI

1 അസാധ്യമല്ല കാമാഖ്യാ ദക്ഷാഗിരിദൂരാ:
ബ്രഹ്മാണ്ഡ യോനിമാസ്ഥിത.
2 ഭദ്രമയോ ദേവദാനവസ്യ യൌവനം നദി: സ്യന്ദം
സ്വന്തതി ഗാവ: പക്ഷയോദി:
3 ആദിമധ്യം ന ചേതോര മജ്ജഭിന്നമായ
മധ്യേ രസം സമ്മാദേ.
ഉദധി കൂമതി. ദേവതാസ്ഥാനമയോമൻ, പരമസ് നായതി.
സ്വരം പിടിച്ചു
ഗിരികളിൽ കൂടിയ മലവാനായ ഭസ്മൻ പറവിക്കുന്ന സൂര്യാംശു തട്ടിയ കലത്തിൽ കടുകി (മട്ടിക്കെട്ട്) എഴുതുന്നു. ഒരു ഗന്ധവതനെപ്പോലെ അത് തന്റെ യോനിയിൽ (ഗിരി) തന്നെ വസിരിക്കുന്നു.

ഇന്ദ്രവരുണന്മാർ പ്രകാശിക്കുന്ന വായുവെ (ദേവവാതം) അയച്ചുകൂടി ആസ്വദിക്കുന്നു. ആ ശോഭം മനുഷ്യരെയും ദേവന്മാരെയും ചെയ്യുന്നു — (മരുത് ഇന്ദ്രന്മാർ) · സ്വാദിഷ്ഠമായ പദങ്ങളുടെ (വാക്കുകളുടെ) പാൽ (സാരം) കറക്കുന്നു. (ഇന്ദ്രവരുണന്മാർ). അതുപോലെ അശ്വത്തെ എന്ന പോലെ ശോഭയേറിയ അന്നത്തെ അമൃതം ഉണ്ടാക്കുന്നു. പ്രഭുവിന്റെ രസം ശക്തി (ശോഭം) നൽകുന്നു.

പ്രവചന കാണ്ഡം അദ്ധ്യായം 5, ഖണ്ഡം 1. സൂക്തം 7 ന്റെ ഭാഷ്യം ശോഭന - സൂക്തം അവസാനിക്കുന്നു.

പശുക്കളുടെ ഉറവിടം ആരാധ്യമായ പടത്തിലെ കുലത്തിൽ മറഞ്ഞു കിടന്നാണ് പ്രശസ്തങ്ങളായ ഗന്ധർവന്മാരായി ശ്രീവിഷ്ണു ലോകം നേടിയത്. ഗിരിശൃംഗങ്ങളിലും കിടയിലാണ് അതുപോലെ സോമ വംശങ്ങൾ കണ്ടെത്തിയത്. ഇന്ദ്രൻ യജ്ഞത്തിൽ ഗിരിവർഷ്ടി നാട്ടാനന്മാർ അവസാനത്തിൽ നാട്ടാന്മാർ ഒന്നും ശോഭയായ കാര്യവാൻ. ഗിരി, വന വാസികൾ ഭരിച്ചിരുന്നത്; പശുക്കളായ ഭാവികളാണ്, സർവ്വ ഭൂതങ്ങളും സർവ്വ ശാസ്ത്രവും അവരിലാണ് ആരാധ്യത.

ശ്രേഷ്ഠ സ്വരൂപം മനോഗതങ്ങൾ അമൃത ജാതവേദസ്സ് ആണ്, ആ അമൃതത്തെ തന്റെ ശരീരമായ ഗിരിശൃംഗത്തിൽ നിന്ന് ലഭ്യമായി വർഷിച്ച് സർവ്വ നാഗങ്ങളെയും ഭോഗിക്കുന്ന സഹോദരനാണ്. ജലവർഷം (മഴ, നദി), സൂര്യതാപത്താൽ ഉയരുന്ന നീലവർണ്ണങ്ങൾ (ശരീരത്തിൽ ജലാംശം, പ്രാണൻ) മനസ്സിനെ നാഡി ഇന്ദ്രിയങ്ങൾ പ്രകാശിക്കുന്നതായി ജ്ഞാനം വാഗ്രൂപത്തിൽ സൃഷ്ടിക്കുന്നു. അതുവഴി ഈ സ്വഭാവം (അമൃതാനന്ദം) ഉപയോഗിക്കുന്നു. ശോഭിക്കുന്ന യോഗികളും ആ ആത്മസ്വരൂപമായ ദേവനെ അലങ്കരിക്കുന്നു. (വാക് ശബ്ദങ്ങൾ ആ അലങ്കാരങ്ങളാണ്.) ജ്ഞാന മാർഗ്ഗമായ ഭക്തി ശോഭനം തന്നെ.

XVII 1 അഭി ത്യം സുപ്രത്യക്ഷ ഇന്ദ്രസുതേ ദിവി ദേവ ദേവയും
വിശോകം ശബ്ദം യുവ.

2 ആ വയ്യസ്യ സൂക്തേ ചക്ഷുഃ സൂര്യോ വിശ്വം പവിത്ര വിശ്വവതിഃ
വൃഷ്ടിം ദിവഃ പവസ്വ രീതിമപോ ജിന്വൻ ഗവിഷ്ടയേ ധിയഃ
(ദ്യുമ്ന വാൻ ഉദ്വവ സർഗ്ഗ - (1), ഋതയശ - (2).
ദേവത പവമാന സോമൻ.

ഛന്ദസ് ഗായത്രി: (ഉഷ്ണിക്: (1 കകുപ് ഉഷ്ണിക് 2. സതോബൃഹതി)
സ്വരം 1 ഋഷഭം. 2 പഞ്ചമം.

ദൃഢനായ യശസ്സാൽ പ്രശോഭിക്കുക. അന്നങ്ങൾ തേജസ്സും പതി യായ നിന്റെ യശസ്സ് സർവ്വദിക്കിലും വ്യാപിക്കട്ടെ. (ദാനധർമ്മാദി) നിന്റെ മധ്യമമായ കോശം (അന്തഃകരണം) നിറഞ്ഞ ജ്ഞാനികൾ ആ സ്വർഗ്ഗ പദം കാണുന്നു.

സൂര്യസമനായ രാജാവ് തന്റെ സൈന്യ പരിവാരത്തിന്റെ ഭാരം വഹിക്കുന്ന പോലെ രണ്ട് സൈന്യങ്ങൾക്ക് മദ്ധ്യത്തിൽ നിന്ന് കൊണ്ട്, എല്ലാവർക്കും വേണ്ടി വൃഷ്ടി ചൊരിയുക. വിശ്വപതിയായ വഹ്നിയായ നീ വിശ്വത്തെ മുഴുവൻ, ദിവത്തെ മുഴുവൻ വൃഷ്ടിയാൽ ആനന്ദിപ്പിച്ച് പവിത്രീകരിച്ച് സമ്പന്നമാക്കുക. ഞങ്ങളുടെ ധാന്യം പാകമാവാനും, ജീവൻ നിലനിൽക്കാനും പിതൃ (ഋഷി) ഗണങ്ങളും (ശ്രേഷ്ഠമാതാവ്) നിന്നെ വൃഷ്ടി തരിക.

ഭൂമിയിലെ സോമം ജലവും ലതയും, ജീവനും, ചന്ദ്രവംശതാരാഗണങ്ങളുമാണ്. അന്തരീക്ഷത്തിൽ അത് വൃക്ഷവും, നീരാവിയും, പിതൃലോകവും, ചന്ദ്രനായി, മേഘരൂപമായി വൃഷ്ടി തരുന്നു. സ്വർലോകത്തിൽ നാദപ്രകാശമായി സൂര്യനായിരിക്കുന്നു. ഈ മൂന്നും ചേർന്നതാണ് ജലചക്രപ്രവർത്തനം (Eco cycles). സോമം ഈ എല്ലാത്തിലും ഓജസ്സിനും ആരോഗ്യകരമായ ജീവിതത്തിനും ഈശ്വര സ്വഭാവത്തിനും ആവശ്യമാണ്.

ഭൂമിയുടെ നടുവിൽ വെച്ച ദീപം വഹിക്കും ഉദ്ദേശം. സൗര (സ്വർ), ഭൂലോകങ്ങൾക്കിടയിൽ ജലമയമായി, മദ്ധ്യത്തിലായി ഭവിക്കുന്ന 'മധ്യമ'നായി ഭുവർലോകം (പിതൃലോകം) ചന്ദ്രൻ അതേ സോമത്തെ വഹിക്കുന്നു. മധ്യമമായ പിതൃലോകം വീണ്ടും വീണ്ടും ജനിക്കൾ ഉണ്ടാകുന്നതാണ്. ജ്ഞാനി അതിൽ നിന്ന് മോചനം ആഗ്രഹിക്കുന്നു, അതിനാൽ മധ്യമകോശം നിറഞ്ഞ, സത്യത്തെ മൂടുന്ന ഹിരണ്മയ പാത്രം മാറ്റി മുക്തിപദം ചോദിക്കുന്നു. ഇവിടെ സൂര്യൻ ശിവൻ വിഷ്ണു; ചന്ദ്രൻ ശക്തി മായ; മായാകന്യക നിന്നിന്ന് ശിവ (വിഷ്ണു) പദപ്രാപ്തിക്ക് വിദ്യ (ശക്തി/മായ)യെ മനുഷ്യൻ ആശ്രയിക്കുന്നു.

XVIII

1 പ്രാണാ വിദ്യുൽശരീരാം വിദ്യുദ്ദ്യുതി (വിദ്യുൽദ്യുതി) ദീപിതം

വിശ്വാധാര ക്രിയാ ഭവഭയ ഹരിതാ.

2 ഇന്ദ്ര ഐശ്വര്യ പാദേഷ്വം ദേവകേശവ ഇന്ദ്രാചതം

ലക്ഷ്മ്യ സർവ്വ ധാരാഭി രഥമീശ്വരം

3 ത്രിത ഐശ്വര്യ ധാരയാ വൃഷ്ടിവൈശ്വര്യദായിനി

ദിവി തേ അസ്യ യോജനാ വിഷ്ണുരും

ഋഷി ത്രിതൻ. ദേവത പവമാനസോമൻ ഛന്ദസ് ഉഷ്ണിക്. സ്വരം ഋഷഭം

ത്രിതൻ ഋഷിനാമം 3 സൂക്തത്തിലും കവിതയായി ചേർത്തിരിക്കുന്നു.
ത്രിതൻ ത്രിപാദം (മൂന്നടി) വാക്, കർമ്മം ജ്ഞാനം ഒന്നായ ഋഷിയാണ്.
ഋഷിയുടെ (ത്രിത) പുത്രനായ ബ്രഹ്മൻ ഋതത്തിന്റെ ജ്യോതിയോടെ,
മൂന്നു സ്ഥാനത്ത് – വിശ്വത്തിന്റെ ഉപരിലോകം, ഭൂർലോകം, അന്തരാലോകം–
എന്നിവിടങ്ങളിൽ ഇന്ദ്രസൂര്യം (നമ്മുടെ ബുദ്ധിയിൽ പ്രതിഷ്ഠിതനായി) ശോഭി
ക്കുന്നു.
വാക്കിലും കർമ്മത്തിലും ചിന്തയിലും (ത്രിതത്തിൽ) നടക്കേണ്ട രീതിയിൽ
(വിശദീകരണമാണ്) ത്രിപാദത്തെ (ചിദാകാശം, ഭൂതാകാശം, ഹൃദാകാശം)
അറിയുന്നവർ ഹൃദയത്തിൽ തന്നെ പ്രാണന്മാർക്കിടയിലെ വാക്കിനെ യജ്ഞ
ത്തിന്റെ സർവ്വധാരത്തിലും ഏറ്റവും പ്രിയങ്കരമായി സാക്ഷാത്കരിക്കുന്നു.
മൂന്ന് ഭാവവും ത്രിതം (3 × 3 = 9) ധാരധാരയായി ഒഴുകി പ്രവഹിക്കു
ന്നു. സൂക്ത (നന്നായി ഉരുക്കി അനുഭവിച്ച ധാർമികനായ യോഗി)
ആ യോജനയാൽ അവയെല്ലാം സ്പർശമറിയുന്നു.
സർവ്വധാരം പലത് ഗായത്രി, ത്രിഷ്ടുപ് മുതലായ സർവ്വവ്യാഹൃതികൾ/മന്ത്രങ്ങ
ൾ ആയി പറഞ്ഞിട്ടുണ്ട്. അവകളാൽ സൃഷ്ടിക്കപ്പെട്ട വേദസാഹിത്യം.
വേണ്ടിയ ഇയ ദേവ വിദ്വാന്മാർ പ്രാണാപാനവ്യാനഉദാനസമാന ഇവകളെ
ദേവതകൾ സ്വന്തമായി പ്രാണന്മാരെ കരുതുന്നു, ഇതിന് അർത്ഥം വ്യക്ത
മല്ലാത്ത വിളങ്ങുന്നു.
പ്രാണാപാനന്മാർക്കിടയിൽ (ഈ പ്രാണൻ) സർവ്വവിധമായി (സർവ്വ സ്വരം)
ത്രിസ്ഥാനത്തിൽ ത്രിവിധം ഒഴുകുന്ന നാദം സംഗീത സ്വരമാണ്.
ഈ "യോജന" (ദൂരം / അളക്കുന്ന യൂണിറ്റ്) കൊണ്ട് സർവ്വനാദവും
സർവ്വദേശവും സർവ്വകാലവും അളക്കുന്ന, അറിയുന്ന സാമവേദിയുടെ
സർവ്വജ്ഞത്വം വിഷയമാണ് ഇവിടെ.
മൂലാധാരം, അനാഹതം, ഇവയ്ക്കിടയിലെ മണിപൂരം,
അനാഹതം, ആജ്ഞ, ഇവയ്ക്കിടയിലെ വിശുദ്ധി–
ബ്രഹ്മരന്ധ്ര (ആജ്ഞ) ത്തിന് പരി നാദ, നാദാന്ത, ഉന്മനി സ്ഥാനങ്ങൾ
ഈ ത്രിസ്ഥാനത്തിൽ, ഉദാത്ത, അനുദാത്ത, സ്വരിതമായി,
ത്രികാലത്തിൽ ധാരധാരയായൊഴുകുന്ന സാമ സംഗീതധാരയാണ് പരാമർശി
തം. സംഗീത (നാദ) യോഗിക്കും രാജയോഗിക്കും ശ്രീവിദ്യ ഉപാസകന്മാ
ർക്കെല്ലാം വൈദികരായ ഈ നിർവാണത്തെ അറിയുന്നു.

XIX 1 പവസ്വ വാജസാതയേ പവിത്രേ ധാരയാ സുതഃ
ഇന്ദ്രായ സോമ വിഷ്ണവേ ദേവേഭ്യോ മധുമത്തരഃ
2 ത്വാം റിഹന്തി ധീതയോ ഹരിം പവിത്രേ അദ്രുഹഃ
വത്സം ജാതം ന മാതരഃ പവമാന വിധർമണി

3 ത്വം ദ്യാം ച മഹിവ്രത പൃഥിവീം ചാതി ജഭ്രിഷേ.
പ്രതി ദ്രാപിമമുഞ്ചഥാഃ പവമാന മഹിത്വനാ.
ഋഷി: രേഭസൂനൂ, കാശ്യപൗ. ദേവത പവമാന സോമൻ
ഛന്ദസ് അനുഷ്ടുപ്. സ്വരം ഗാന്ധാരം.

പവിത്രമായ സ്തോത്രധാരയാൽ ഭാഗ്യശാലികളേ, സമ്പാദിക്കുക.
ഇന്ദ്രനും സോമനും വിഷ്ണുവിനും ദേവന്മാർക്കായി, മധുരമേറിയ
വാണിയാൽ പാടുക.
അല്ലയോ ഉന്നിദ്ര വത്സനെ (പശുക്കുട്ടി) അമ്മ നക്കുന്നതുപോലെ,
ഉദയമായ ധർമ്മിഷ്ഠമായ ഹൃദയത്താൽ പ്രകാശിച്ചും, പവിത്രമായ
ഹരിയെ നാം ആനന്ദപൂർവ്വം ധ്യാനിക്കുന്നു.
മഹിവ്രത (മഹാവ്രതനേ) ദ്യോവിനെയും ഭൂമിയെയും
നീ ധരിക്കുന്നു. നിന്റെ തേജസ്സോ മഹത്ത്വത്താലും
പവമാനാ, നീ പ്രകാശത്തെ നിലനിർത്തുന്നു.

XX 1 ഇന്ദുർവ്വാജീ പവതേ ഗോന്യോഘാ ഇന്ദ്രേ സോമഃ സഹ ഇന്വൻ മദായ
ഹന്തി രക്ഷോ ബാധതേ പര്യരാതീർ വരിവസ്കൃണ്വൻ വൃജനസ്യ രാജാ.
2. അധ ധാരയാ മധ്വാ പൃചാനസ്തിരോ രോമ പവതേ അദ്രിദുഗ്ധഃ
ഇന്ദുരിന്ദ്രസ്യ സഖ്യം ജുഷാണോ ദേവോ ദേവസ്യ മത്സരോ മദായ.
3 അഭി പ്രിയാണി പവതേ പുനാനോ ദേവോ ദേവാൻത്സ്വേന രസേന പൃഞ്ചൻ
ഇന്ദുർധർമ്മാണ്യൃതുഥാ വസാനോ ദശ ക്ഷിപോ അവ്യത സാനോ അവ്യേ
(ഋഷി മന്യു വാസിഷ്ഠ. ദേവത പവമാനസോമ. ഛന്ദസ് ത്രിഷ്ടുപ്.
സ്വരം ധൈവതം)

സോമം ഇന്ദുക്കളെ വാജീകരിച്ചു, ഇന്ദ്രിയങ്ങൾക്കും ശക്തിയും ആ
നന്ദവും പകർന്ന് പവിത്രീകരിച്ച് ഒഴുകുന്നു. അത് ബാധകളെ (രോഗം)
നശിപ്പിച്ചു കളയുന്നു. വരിവസ് കൃണ്വൻകൊണ്ട്, വരിതന്നെ
കൂടെയെടുത്ത പര്യയം (ആവർത്തനമുപയോഗിച്ച്) ചെയ്യുന്ന
സോമൻ വൃജനങ്ങളുടെ എല്ലാം രാജാവാണ്; ശക്തിമാന്മാർക്കെല്ലാം
ശക്തിയാണ്.
ധാരയായി മധുവാൽ സ്ഥിരമായി നനച്ച് പൃച്ഛിക്കുന്ന രോമങ്ങളെ (
ആട്ടിന്റെ രോമങ്ങൾ സഹ്യങ്ങൾ) ഇടിച്ചിടിച്ച് അവൻ അദ്രിദുഗ്ധം
(പർവ്വതങ്ങളുടെ പാല് = നദി) ഒഴുകുന്നു. ഇന്ദു ഇന്ദ്രന്റെ സഖ്യം
കൊണ്ട് ആനന്ദലഹരിയാൽ ദേവന്മാരുടെ ദേവനെപ്പോലും മത്സര
ത്തിൽ കൊള്ളിക്കുന്നവനാണ്.
അനേകം പ്രിയങ്ങളാൽ ഉത്സവിക്കുന്ന ഒഴുകുന്ന സോമരസത്തിന്റെ
രസം (സ്വാദായ രസത്താൽ) ദേവന്മാരുടെ ദേവനെ സ്വാദ്യമാക്കുന്നു അവിടവി

ച്ചിരുന്ന വിദ്യയാണ്. ഇന്ദു ഗർഭങ്ങൾ കാണാതോ ഉള്ളിലും ചന്ദ്ര അതിവേഗതയിൽ പായുന്ന ഇന്ദ്രിയങ്ങളാകുന്ന തിരശ്ചങ്ങളാൽ വലിച്ചും (ശ്രവണീയമാണെന്ന്, അവ്യയമായ ആനന്ദമയിയാക്കിത്തീർക്കുന്നു.

ബ്രാഹ്മണങ്ങളേയും ക്ഷത്രിയങ്ങളേയും ഒരുമിച്ച് വിദ്യാദാനം ചെയ്ത ദ്രവ്യങ്ങളുടെ ആനന്ദം ദേവദേവന്റെ ആനന്ദത്തെക്കാൾ അവ്യയമാണ്. ശരീര മനോബുദ്ധ്യാദികളുടെ നിയന്ത്രണം. ദശദിക്കുകളും ത്രികാലവും ഉൾപ്പെട്ട ബ്രഹ്മാണ്ഡത്തിന്റെ ജ്ഞാനവും നിയന്ത്രണവും ഇതിയാണ്.

XXI 1. ആ തേ അഗ്ന ഇധീമഹി ദ്യുമന്തം ദേവാജരം
യദ്ധ സ്യാ തേ പനീയസി സമിദ്ദീദയതി ദ്യവി ഇഷം സ്തോതൃഭ്യ ആ ഭര.
2. ആ തേ അഗ്ന ഋചാ ഹവിഃ ശുക്രസ്യ ജ്യോതിഷസ്പതേ
സുശ്ചന്ദ്ര ദസ്മ വിശ്പതേ ഹവ്യവാട് തുഭ്യം ഹൂയത ഇഷം സ്തോതൃഭ്യ ആ ഭര.
3. ഉഭേ സുശ്ചന്ദ്ര സർപ്പിഷോ ദർവ്വീ ശ്രീണീഷ ആസനി
ഉതോ ന ഉത് പുപൂര്യാ ഉക്ഥേഷു ശവസസ്പത ഇഷം സ്തോതൃഭ്യ ആ ഭര.
(ഋഷി. വസുശ്രുത ആത്രേയൻ. ദേവത അഗ്നി. ഛന്ദസ് പംക്തി സ്വരം പഞ്ചമം).

അഗ്നേ വരിക. നിന്റെ ഇന്ധന (സമിധ/ വിറക്) ദ്യോവിനോളം ജ്വലിക്കുന്നു, അതിന്റെയും ആധാരമായിരിക്കുന്ന ദേവ(പ്രകാശ)നായ അഗ്നി കൊളുത്തുന്നു. നിന്നിൽ നിന്നാണ് ആകാശത്തിലെ ജ്യോതിസ്സുകളെല്ലാം കൊളുത്തപ്പെട്ടത്. നിന്നെ സ്തുതിച്ചു പാടുന്നവർക്ക് നീ അന്നവും ജ്ഞാനവും തരുന്നു. (ഋഗ്വേദ ഭാഷ്യം മണ്ഡലം 5. അനുവാകം 1 - ദശകം 8 സൂക്തം / തന്നെ ഇവിടെ ഒന്നാം സൂക്തം.)

അഗ്നേ വരിക. ജ്യോതിഷ്പതിയായ ശുക്രനായ നിനക്കു വേണ്ടി ഋക്കുകളോടെ ഹവിസ്സർപ്പിക്കുന്നു. വിശ്പതേ, ഹവ്യവാഹകനായ സുശ്ചന്ദ്രനായ നീ നന്നായി (സ്തുതിച്ചു പാടുന്നവർക്ക്) അന്നവും ജ്ഞാനവും തരുന്നു. നിനക്കായി ഹോമിക്കുന്നു.

രണ്ടു വിധത്തിലും സുശ്ചന്ദ്രനായ വിശ്പതേ, കർമം, ജ്ഞാനം ഇവയെ പകുത്തു സർപ്പിസ്സും നീ തരുന്നു. ഉക്ഥങ്ങളിൽ നന്നായുള്ള ശ്ലോകങ്ങളിലൂടെയും പരിപൂർത്തിയടയട്ടെ. ശവസസ്പതേ, നീ സ്തുതിക്കുന്നവർക്ക് അന്നവും ജ്ഞാനവും തരുന്നു. നിനക്കായി ഇഷ്ടം (ഇഷ്ടാപൂർത്തം) ചെയ്യുന്നു.

പിതൃ, ദേവ, മനുഷ്യർക്കെല്ലാം സാക്ഷിയായി ശ്രുതികളായി അഗ്നി കൊളുത്തുന്നു. രണ്ടു സൂക്തത്തിൽ 'സുശ്ചന്ദ്ര' ശബ്ദം.
ഋഷിനാമം 'സുശ്ചന്ദ്ര' വസുശ്രുത ആത്രേയൻ.

XXII 1 ഇന്ദ്രായ സാമ ഗായത വിപ്രായ ബൃഹതേ ബൃഹത്
ധർമ്മകൃതേ വിപശ്ചിതേ പനസ്യവേ.
2. ത്വമിന്ദ്രാഭിഭൂരസി ത്വം സൂര്യമരോചയഃ
വിശ്വകർമ്മാ വിശ്വദേവോ മഹാം അസി.
3 വിഭ്രാജൻ ജ്യോതിഷാ സ്വരഗച്ഛോ രോചനം ദിവഃ
ദേവാസ്ത ഇന്ദ്ര സഖ്യായ യേമിരേ.
(ഋഷി. നൃമേധ. ദേവത ഇന്ദ്രൻ. ഛന്ദസ് ഉഷ്ണിക്. സ്വരം ഋഷഭം)
ഐന്ദ്രകാണ്ഡം അദ്ധ്യായം 4 ദശകം 8 സൂക്തം 8 തന്നെ ഒന്നാം സൂക്തം.
ഇന്ദ്രനു വേണ്ടി സാമം പാടുക. വിപ്രനു വേണ്ടി ബൃഹത്തായ ബൃഹത് സാമം (വിസ്തീർണ്ണമേറിയതാണ് ബൃഹത് സാമം) പാടുക. ധർമ്മത്തിനായി നമ്മ് (പനസ്യ- വനശീ = ഉദ്ധത) കൊണ്ട് സ്തുതി സൃഷ്ടിക്കുന്നവനായി പാടുക.
ഇന്ദ്രാ നീ ഉവിയാണ്; നീ ഉന്നതം തന്നെ പ്രകാശിക്കുന്ന സൂര്യനാണ്. നീ വിശ്വകർമ്മാവാണ്. വിശ്വദേവതയാണ്, "മഹാ!" എന്ന ശക്തിയാണ്.
വിരാജമാനനായ (വിരാട് ലോകങ്ങൾ) അനേകം ജ്യോതിഷ്കൾ (ജ്യോതിസ്സുകൾ) നിറഞ്ഞ സ്വർലോകത്തിലേക്ക് ഗതി (ചലനം/ സഞ്ചാരം) ചെയ്ത് ദിവങ്ങളെ പ്രകാശിപ്പിക്കുന്നവനാണ് നീ. ഇന്ദ്ര- പ്രകാശിക്കുന്നതിന്റെ സഖിത്വത്തിന് ജ്ഞാനി ഇച്ഛിക്കുന്നു.
XXIII 1 അസാവി സോമ ഇന്ദ്ര തേ ശവിഷ്ഠ ധൃഷ്ണവാ ഗഹി
ആ ത്വാ പൃണക്ത്വിന്ദ്രിയം രജഃ സൂര്യോ ന രശ്മിഭിഃ
2 ആ തിഷ്ഠ വൃത്രഹൻ രഥം യുക്താ തേ ബ്രഹ്മണാ ഹരീ
അർവാചീനം സു തേ മനോ ഗ്രാവാ കൃണോതു വഗ്നുനാ
3 ഇന്ദ്രമിദ്ധരീ വഹതോ/പ്രതിധൃഷ്ടശവസം
ഋഷീണാം സുഷ്ടുതീരുപ യജ്ഞം ച മാനുഷാണാം.
(ഋഷി ഗോതമൻ രാഹൂഗണൻ. ദേവത ഇന്ദ്രൻ ഛന്ദസ് അനുഷ്ടുപ്. സ്വരം ഗാന്ധാരം).
ഐന്ദ്രകാണ്ഡം. പ്രപാ 4. അർദ്ധം 2 ദശകം 12 സൂക്തം 6 തന്നെ ഒന്നാം സൂക്തം.
ശത്രുനാശകനായ ഇന്ദ്രാ, ധിഷണയിൽ നിന്നൊഴി സൃഷ്ടിച്ച ഈ സോമത്തെ അനുസ്മരിച്ച് സന്തോഷിക്കുക. ഹൃദയത്തിൽ (മനസ്സിൽ) ഇന്ദ്രിയങ്ങളെ ലയിപ്പിച്ച്, മനസ്സിനെ നിന്നിൽ ലയിപ്പിച്ച് ഞങ്ങൾ ധ്യാനിക്കുന്നു. സൂര്യൻ രശ്മികളിലൂടെ വസ്തുക്കളെ തന്നിലേക്ക് തന്നെ വലിച്ച് സ്വസ്വരൂപം പ്രാപിപ്പിക്കുന്ന പോലെ.
വൃത്രഹന്താവേ, രഥത്തെ യോജിപ്പിക്കുക (പൂട്ടുക) ബ്രഹ്മവെന്ന ഹരി

യിൻ പ്രയോഗം ചെയ്തു ഈ വചനത്തിൽ (ശരീരം/പ്രപഞ്ചം) കയറുക.
പണ്ടുകാലം മുതലേ ഉപാസകർ സ്തോത്രങ്ങളാൽ (വേദവാക്ക്) ഇന്ദ്രിയ മനസ്സുകളെ തന്നിൽ ഏകാഗ്രീകരിച്ചിട്ടുണ്ട്
അപ്രതിരുദ്ധമായ (തോല്പിക്കാനോ തടുക്കാനോ ആവാത്ത) ഇന്ദ്രനെ ആ ധ്വരത്തിലേക്ക് ജ്ഞാനവും കർമവും കൊണ്ട് ആവാഹിക്കുക. ഋഷിമാരുടെയും മനുഷ്യരുടെയും അതിശ്രദ്ധമായ യജ്ഞങ്ങളിലെല്ലാം സ്തുതിവാക്കുകളാൽ അവൻ ഉപചരിക്കപ്പെടുന്നു.

72ാം അദ്ധ്യായം

ഋ. ൧൦ കം. 4. അൻ 1001.

I 1. ജ്യോതിർ യജ്ഞസ്യ പവതേ മധു പ്രിയം പിതാ ദേവാനാം ജനിതാ വിഭൂവസുഃ
ദധാതി രത്നം സ്വധയോരപീച്യം മദിന്തമോ മത്സര ഇന്ദ്രിയോ രസഃ
2. അഭിക്രന്ദൻ കലശം വാജ്യർഷതി പതിർദിവഃ ശതധാരോ വിചക്ഷണഃ
ഹരിർമിത്രസ്യ സദനേഷു സീദതി മർമൃജാനോƒവിഭിഃ സിന്ധുഭിർവൃഷാ
3. അഗ്രേ സിന്ധൂനാം പവമാനോ അർഷത്യഗ്രേ വാചോ അഗ്രിയോ ഗോഷു ഗച്ഛതി
അഗ്രേ വാജസ്യ ഭജതേ മഹാധനം സ്വായുധഃ സോതൃഭിഃ പൂയതേ വൃഷാ.
(ഋഷിമാർ- അക്രുഷ്ടാമാഷാ, സികതാനിവാവരീ, പൃശ്നയോ ജഃ
ദേവത- പവമാനസോമൻ ഛന്ദസ് ജഗതി. സ്വരം നിഷാദം)

ജ്യോതിർ യജ്ഞത്തിനായി മധുവും പ്രിയനും (മധുപ്രിയനാം) പിതാവും പ്രകാശിതങ്ങളുടെ (ദേവന്മാരുടെ) ജനിതാവുമായ വിഭൂവസു പവിത്രമാക്കിക്കൊണ്ട് ചലിക്കുന്ന (ഒഴുകുന്ന) സ്വധയോടുകൂടി രത്നവും തന്ന്, ഇന്ദ്രിയങ്ങളുടെ രസാനുഭൂതിയുടെ മത്സരത്തിൽ ഏറ്റവും മദിന്തമം (ആനന്ദമേറ്റവും ആനന്ദിപ്പിക്കുന്ന) ജ്ഞാനസുഖാനുഭൂതിയും തരുന്നു.
ദിവത്തിന്റെ (പ്രകാശലോകത്തിന്റെ) പതി അഭിക്രന്ദനം ചെയ്തുകൊണ്ട് (നാദം മുഴക്കി) കലശത്തിലും വാജം (ഓജസ്സ്) വർഷിക്കുന്നു. ആ വർഷം നൂറുനൂറു ധാരയായി വിചക്ഷണത്തിൽ ഇറങ്ങുന്നു. സർവ്വരോഗ, ദുഃഖ നിവാരകനായ ഹരി തന്റെ മിത്രങ്ങളുടെ സദനത്തിൽ (ദേഹം/ഹൃദയം) നിത്യവും ഇരിക്കുന്നു. ഹരി തന്നെയാണ് സിന്ധുവും, വൃഷാവും (വർഷകനും). സിന്ധുക്കളുടെ അഗ്രത്തിൽ ആർഷമായ അഗ്നിയായി പവമാനൻ, അഗ്രിമനായ വാച (വാക്) ഗവി ഗോക്കളിൽ (പശു/ജീവി/രശ്മി/വാക്ക്) പ്രവേശിക്കുന്നു. അഗ്ര്യമായ ആ വാജത്തെ ഏറ്റവും മഹത്തായ സ്വായുധമായി ഭജിക്കുക. അനേക സ്തുതിരൂപത്തിൽ സ്തുതിക്കപ്പെടുന്നവൻ ആ സോമമാണ്

ജ്യോതിർ യന്ത്ര മെന്ന ജ്യോതിരൂപമായ പ്രപഞ്ചത്തിൽ നിരന്തരം നട ന്നിരുന്ന ഉരുത്തിരിയുന്നതാണ്. പ്രപഞ്ച ശക്തികളുടെ സമന്വയിച്ച ശക്തി യായി കാലം തെറ്റാതെ വന്ന് അന്നവും ജീവനും ബുദ്ധിയും വിദ്യയും നിലനിൽക്കുന്നതാണ് ഈ യന്ത്രം. ഇവ സൃഷ്ടിയും സ്ഥിതിയും, സംഹാര നിവൃത്തിയും ഈ യന്ത്രത്താൽ സംഭവിക്കുന്നു.

കലശം ലക്ഷ്മി; ശ്രീമന്നാഥ ഹൃദയം; ആ സദനത്തിലിരിക്കുന്നത് ഹരി.

കലശം ജീവിയുടെ ഹൃദയം. അതിൽ പ്രാണശക്തിയായി ചരിക്കുന്നത് ഹരി. ഇത് ധാരയായി പ്രാണായാമം ചെയ്യുന്ന യോഗിയിൽ ജനിക്കുന്നു. ജീവിയുടെ നാദം ഹരിയുടെ അധിക്രമണം; വർദ്ധനത്തിന്റെയും ബിന്ദുവിന്റെയും, ദേവന്റെയും യോനിയുടെയും നാദവും ഹരിയുടെ നാദവും ഒന്നുതന്നെയാണ്. ഓരോ ഗ്രാമത്തിലും ആദ്യം ആയിരവും ഉരുളിയായി ധാരധാരയായി വീഴുന്ന മഴ അളക്കാൻ ഒരു ഉയർന്ന കുന്നിൻപുറത്ത് കലശം സ്ഥാപിച്ചിരുന്നു. ഈ മലയെ കലശമല എന്നു വിളിക്കും (ലെബ്ബ കൂളി കോവിലകത്ത് ഇപ്രകാരമുള്ള കലശമല ഉണ്ട് – ക്ഷേത്രങ്ങളുടെ ജീർണ്ണിയത്). ചില സ്ഥലങ്ങളിൽ കലശം വിഷ്ണു യോനിയും നാളം ശിവലിംഗവുമായിട്ടാണ് ശില്പികൾ സ്ഥാപിക്കുക. മുകളിലേക്ക് അടിഭാഗമായ അമൃത കലശത്തിലാണ് മധുധാര ചെയ്യുന്നത്. അത് താഴെ അടിഭാഗമായ തൃക്ക കലശമായ യോനി (ശക്തി) യിൽ വീഴുന്നു.

ലിംഗം = കടപയാദിയിൽ 33 ദേവകോടി. ദേവം = 84
വേദം തിരിച്ചിട്ടതാണ് ദേവമെന്നതിനാലാണ് വേദസംഖ്യ
84 എന്ന് ജ്യോതിഷത്തിൽ പറയുന്നത്.
യോനി = 10. 33 കോടി എത്ര സംഖ്യം ചേർന്നാലും
ലിംഗയോനി പറയുന്നത്.
കലശം = 135. 2 കലശമാണ് 270 അഥവാ
10 പ്രാവശ്യം 27 നക്ഷത്ര ഗണ സംഖ്യ. 1000 കലശം
135000.

ശില്പികൾ ബ്രഹ്മ ഭാഗം 8, വിഷ്ണു യോനി 7, രുദ്രഭാഗം
6 എന്ന അനുപാതത്തിലാണ് ലിംഗത്തിന്റെ ഉയരം എടുക്കുക. [തന്നെ പരിധിയായിരിക്കും]
ശൂന്യം ചേർന്ന 21 ൽ ബ്രഹ്മ വിഷ്ണു സംഗമം 15 തിഥി സംഖ്യ.
ശിവ വിഷ്ണു സംഗമം 13 എന്നത് നക്ഷത്ര സംഖ്യ അഥവാ 'കലാ'
സംഖ്യ. വിഷ്ണു യോനി (ശക്തി) ആണ് ശ്രീ. അത് ബ്രഹ്മ സംഗമ
ത്തിൽ ബ്രാഹ്മി; രുദ്ര സംഗമത്തിൽ രുദ്രാണി. ഇപ്രകാരം ഉള്ള
ജ്യോതിർ യജ്ഞത്തിൽ ഗംഗാ തീർത്ഥമായി (ആകാശഗംഗ) ഒഴുകിയ
അമൃതാൽ ധാരാ കലശം ഉയർന്ന കുന്നിൽ അരികിൽ വിശാലമായ
പാറയിൽ വെച്ചു. (വയലിൽ). ഇവയെല്ലാം പിന്നീട് ആരായപ്പെട്ടത്
പലരുമായത് ഇന്ത്യ കാർഷിക രാജ്യമായതിനാലാണ്. സർവ്വകലകൾക്കും
ശാസ്ത്രത്തിനും ഉറവിടമായ വിദ്യ ജ്യോതിഷ്, വദ്, അന്ന സമൃദ്ധമായ
ഭൂമിയിലെ മനുഷ്യ മസ്തിഷ്കത്തിലെ ഉറവെടുത്തതും ഇതു എന്ന ശാസ്ത്ര
ബോധം കൊണ്ടാണ്.

നേരത്തെ പരാമർശിച്ച പോലെ തച്ചനായ അനുഷ്ഠാനം,
നെയ്തല ഭൂമിയിലെ കച്ചവട സംഘത്തലവനായ വാവതി (വാവർ) യും,
വൃഷ്ണി പുത്രനായ രാമകൃഷ്ണ വൈദിക ശില്പിയുമാണ് ഈ നൂതന
ത്തിന്റെ ശില്പികൾ. കേരളത്തിന്റെ കാർഷിക, വ്യാപാര, ശില്പ, സമ്പ
ത്തിന്റെ പഴമ വേദകാലം വരെ നീളുന്നു. വാവർ അഥവാ
വാവർ എന്ന നാമത്തിൽ ഹരിഹര സുതന്റെ സുഹൃത്തായ ഒരു ഋഷി
കൂടെ ചേർത്തും കേരളത്തിലല്ലാതെ മറ്റെവിടെയാണ് ഉള്ളത്?
വാവരും അയ്യപ്പനും AD 500 ശതകത്തിൽ ജീവിച്ചിരുന്നവരാണ്
എന്ന് പറയുന്ന ചരിത്രകാരന്മാർ ഈ സത്യം അവഗണിക്കുന്നതാണ്.

II

II 1 അസൃക്ഷത പ്ര വാജിനോ ഗവ്യാ സോമാസോ അശ്വയാ
ശുക്രാസോ വീരയാശവഃ
2 ശുംഭമാനാ ഋതായുഭിർ മൃജ്യമാനാ ഗഭസ്ത്യോഃ
പവന്തേ വാരേ അവ്യയേ.
3 തേ വിശ്വാ ദാശുഷേ വസു സോമാ ദിവ്യാനി പാർഥിവാ
പവന്താമാന്തരിക്ഷ്യാ.
(ഋഷി കശ്യപൻ ദേവത പവമാന സോമൻ, ഛന്ദസ് ഗായത്രി.
സ്വരം ഷഡ്ജം)
പവമാനകാണ്ഡം അദ്ധ്യാ. 5. ഖണ്ഡം 2. സൂ. 6 തന്നെ
108 സൂക്തം.
വീര്യവത്തായി വാജീകരണം ചെയ്ത അശ്വങ്ങളാൽ പ്രകാശിക്കുന്ന
സോമങ്ങൾ സർവ്വത്തിലും ശുക്രമുള്ള പാത്രം, ശുക്രമുള്ള ജ്ഞാനികൾ
ഉപയോഗം (വീര്യ ശുക്രങ്ങളുടെ വികൃതി) എന്ന് പറയപ്പെടുന്നു.
ശുംഭത്താൽ ശോഭം (ആറ്/ ആകാശത്തെ അളന്നാൽ ശുഭം)
ആളുന്ന, ഋതം (സത്യം) ആയുസ്സിനെ (സത്യായുസ്സിനെ) അന്വേ
ഷിക്കുന്ന (ഋത യുഗകാലത്തെ സത്യയുഗമെന്നു പറയും. ആയുരാ
രോഗ്യ വർധിക്കുന്ന മന്ത്രം) മന്ത്രം മൃജ്യവാൻ ആവർത്തനം ചെയ്യുന്ന
അവർ ഗഭസ്തിയിൽ ഉള്ള ഭാഗത്തിൽ, (ആറ്/ ആകാശം) പവിത്ര
മങ്ങളായി പവിക്കുന്നു. അവ്യയമായ വാരങ്ങളായി (7 ദിനങ്ങ
ളുള്ള ആഴ്ചകൾ) മന്ത്രലോകത്തിൽ സംഭവിക്കുന്നു.
ഈ ദേവതമാർക്ക് എല്ലാ ധനവും (വസു) ദിവ്യമായ സോമവും
ഭൂമിയിലും വിശ്വമാകെയും പടിക്കുന്നവർ. അവർ തന്നെയാണ്
അന്തരീക്ഷത്തിൽ സംഭവിക്കുന്നവരും.
ശുംഭം = 54 - തിരിച്ചിട്ടാൽ 45 ഡിഗ്രി.
$6\times9=54$ $5\times9=45$.
രണ്ടും 9ന്റെ ഗുണിതം.
2 പ്രാവശ്യം 54 = 108 2 പ്രാവശ്യം 45 = 90 ഡിഗ്രി.
108 + 108 = 4×54 = 216 ആണ് പ്രാണ സംഖ്യ.
ഈ പ്രാണ സംഖ്യയാൽ സർവ്വ ഭാഗവും ആളുന്ന ഇന്ദ്രൻ.
ശുംഭ (54/45) ആൽ നിശുംഭ (054/045) തന്നെ ആളും.
ശുംഭ നിശുംഭ തന്നെ ഹനിക്കുന്ന/ ഹരിക്കുന്ന ഹരി (ഹ്രീം) എന്ന
വിദ്യയെ അനുഭവിക്കാം. ആളുവും ഉള്ള ഉദകം ആളുവിട്ടാനതിനെ
അറിയാൻ ശ്രമിക്കേണ്ടത് ആവശ്യം. ശുക്ര ഉള്ള മന്ത്രൻ ആളുന്നതിനെ
ആളുന്നാൽ ശുദ്ധി ആണ്; പൃഥ്വി (പാർഥിവം) ആൽ ആപാർഥിവം (ആകാശ

തികം) അറിയണം. ഇപ്രകാരം യുഗ, കല്പാദി എന്നിങ്ങനെ കാലങ്ങ
ഭൂമിയുടെ സ്ഥാനകാലം, സ്ഥാനഭേദം വെച്ച് അറിയുന്നതിന് ജ്യോതിർ
വിജ്ഞാനമേ പോര. കാശ്യപപ്രജാപതിയുടെ മക്കളും വിദ്യുന്മയ സാക്ഷി
കൾ ഈ 'അനുവാകോൺ' ആയി 'ഗന്ധർവൻ' എന്ന നക്ഷത്ര ലോകത്ത്
പ്രതിഫലിക്കുന്നു. സൂര്യപ്രകാശത്തിൽ 7 നിറങ്ങളെ ഉൾപ്പെടുത്തിയിരിക്കുന്നതും
ഇവരാണ്. ഇവരെ തന്നെ ഭൂമിയിലെ സ്ഥാവരജംഗമങ്ങൾ (കാലം അനുസരി
7 ഭൂമിഖണ്ഡങ്ങൾ 7 പേര് കൊടുത്തു. ഭൂമി, അന്തരീക്ഷം, നക്ഷത്ര
ലോകം ഇവയിലെ ജ്യോതിർഗണനത്തിന്റെ അനുഭവശാസ്ത്രജ്ഞരാണിവർ.
സംഹിതയിൽ പ്രത്യക്ഷം കാണാവുന്ന ജ്യോതിഷിക്കുന്ന ഇവ. പ്രപഞ്ചാദി
കളെ ശിവശക്തിയാണ്, ഭൂമി, അന്തരീക്ഷം, സൗരയൂഥാകാശം,
നക്ഷത്രലോകാകാശം ഇവയുടെ കാലഗണനയും ഉൾപ്പെടെ വിശദമാ
ക്കുന്ന ദേശവും (ദേശം വിസ്തൃതമാകുന്തോറും കാലവും മാറും) ദേശകാ
ലങ്ങളെയും ഭൂമിയിൽ നിൽക്കുന്ന വ്യക്തിക്ക് ഭൂകേന്ദ്രീകൃതമായ സമ്പ്ര
ദായമായ വ്യാവഹാരിക ദിനരാത്ര, വാര, മാസ, വർഷാദികളിൽ നിന്ന് ആരംഭി
ക്കണം. ആ രീതിയിൽ തന്നെ കുറഞ്ഞതെ "സത്യായുഗാദി"കൾ ആചാര്യ
ന്മാർ സത്യകാലമാണ് ഉപദേശിച്ചത്; ജ്യോതിഷികൾ.

III 1 പവസ്വ ദേവവീതിരതി പവിത്രം സോമ രംഹ്യാ.
ഇന്ദ്രമിന്ദോ വൃഷാ വിശ
2 ആ വച്യസ്വ മഹി പ്സരോ വൃഷേന്ദോ ദ്യുമ്നവത്തമ:
ആ യോനിം ധർണസി: സദ:
3. അധുക്ഷത പ്രിയം മധു ധാരാ സുതസ്യ വേധസ:
അപോ വസിഷ്ട സുക്രതു:
4 മഹാന്തം ത്വാ മഹീരന്വാപോ അർഷന്തി സിന്ധവ:
യദ് ഗോഭിർ വാസയിഷ്യതേ
5 സമുദ്രോ അപ്സു മാമൃജേ വിഷ്ടംഭോ ധരുണോ ദിവ:
സോമ: പവിത്രേ അസ്മയു:
6 അചിക്രദദ് വൃഷാ ഹരിർ മഹാൻ മിത്രോ ന ദർശത:
സം സൂര്യേണ ദിദ്യുതേ.
7. ഗിരസ്ത ഇന്ദ ഓജസാ മർമൃജ്യന്തേ അപസ്യുവ:
യാഭിർ മദായ ശുംഭസേ
8 തം ത്വാ മദായ ഘൃഷ്വയ ഉ ലോകകൃത്നുമീമഹേ
തവ പ്രശസ്തയേ മഹേ
9 ഗോഷാ ഇന്ദോ നൃഷാ അസ്യശ്വസാ വാജസാ ഉത
ആത്മാ യജ്ഞസ്യ പൂർവ്യ:

10 അസ്മഭ്യമിന്ദവിന്ദ്രയുർമധ്വഃ പവസ്വ ധാരയാ
പർജന്യോ വൃഷ്ടിമാം ഇവ.
(ഋഷി: മേധാതിഥി - ദേവത: പവമാനസോമൻ, ഛന്ദസ്: ഗായത്രി.
സ്വരം: ഷഡ്ജം)

ദേവവീരന്മാരുടെ പവിത്രമായ സോമമേ, ഹൃദ്യമായ നീ (ഹൃദയാനന്ദം) ചലിച്ച് വ്യക്തമാവുക. ഇന്ദുവിന്റെ വിശ്വം വ്യാപിച്ച വൃഷ്ടിയിൽ (ഇന്ദ്രിയാധിപനായ) ഇന്ദ്രനെ അറിയട്ടെ.

പ്രകാശത്തിൽ വെച്ച് പ്രകാശമായി വർത്തിക്കുന്ന ഇന്ദോ, വചസ്സുകളാൽ ഈ മതിയെ അന്വേഷിക്കുക (ജലമേഘം). നിന്റെ ഹേതുവായ ഈ സദസ്സിൽ (ഭൂമിയിൽ) ധരണിയിൽ (യജ്ഞത്തിൽ) ശാന്തനായി വസിച്ചിരിക്കുക. വേദസ്വരമായ ജ്ഞാനത്തിൽ പ്രിയമായ മധുധാരയുടെ അനുഗ്രഹം ചൊരിയുക. ആനന്ദത്തെയാണ് സുഖമായ വചസ്സിലൂടെ (വാഗ്ദേവവചസ്സ്: ഹൃദയത്തെ സ്പർശിച്ച വാക്ക്) അല്ലെങ്കിൽ വാക്ക്.

ഹേ ആനന്ദമായ നീ മതിയിൽ ആവേശമായി വർത്തിച്ച് സിന്ധുക്കളായി ആ ലോകങ്ങളും (ജലം, വസ്തുക്കൾ) നിറഞ്ഞ് ആവരണം ചെയ്ത് (വസ്ത്രമായി) രക്ഷിക്കുന്നു. സമുദ്രങ്ങളുടെ ജലത്തിൽ മുങ്ങുന്ന (കുളിക്കുന്ന) വിദ്വാന്മാർക്ക് അല്ലെങ്കിൽ വിദ്വജ്ജനങ്ങൾക്ക് പ്രകാശിക്കുന്ന അനന്തനാണ് ദിവം (പ്രകാശലോകം/പകൽ/സൂര്യൻ). സോമമേ, പവിത്രമായ നീ ജനങ്ങൾക്ക് ആധാരമാണ് - ആനന്ദവർദ്ധകനായ ഹരിയെപ്പോലെ ഒരു മഹാമിത്രനെ ദേവന്മാർ കണ്ടെത്താനാവുകയില്ല. സൂര്യനാണ് ആ ശക്തിയുടെ പ്രകാശം, പ്രചോദനം എന്നിവ അറിയുക.

ആകാശത്തിൽ നിത്യയൗവനമാർന്ന് സുന്ദരമായ മനസ്സിൽ ദേവവാണി നൽകുന്നതോടെ സ്രവിക്കുന്ന (ആവേശം പോലെ) അവരുടെ ഹരി യാൽ വേണം അവനെ അനുഭവിക്കാൻ / അറിയാൻ. ആ ഹരി ലഭിക്കുന്നവരി ജനങ്ങൾ ലോകരക്ഷനായ നിന്നെ സ്വീകരിക്കുന്നു. മഹാനായ നിന്നെ പ്രശംസിക്കുന്നു. നീ ജ്ഞാനവും, പ്രജ്ഞകളും, കർമ്മവും, ഓജസ്സും ദൈവശ്രീയും നൽകുന്നു. ലക്ഷങ്ങൾക്കെല്ലാം മുമ്പുള്ള, ഏറ്റവും വൃദ്ധനായ, ആത്മാവ് (പരമാത്മാ) നീയാണ്.

ഞങ്ങളിൽ ഓരോ ഇന്ദ്രിയത്തിലും മധു (സമൃദ്ധം) ധാരധാരയായി പെയ്ത് അവയെ പവിത്രമാക്കി സമ്പന്നമാക്കുക. മഴമേഘം (പർജ്ജന്യൻ) മഴ പെയ്യുന്നപോലെ ഞങ്ങളിൽ ജ്ഞാനാമൃത ധാര ചൊരിയുക.

IV 1 സനാ ച സോമ ജേഷി ച പവമാന മഹി ശ്രവഃ
അഥാ നോ വസ്യസസ്കൃധി.
2 സനാ ജ്യോതിഃ സനാ സ്വർവിശ്വാ ച സോമ സൗഭഗാ

അഥാ നോ വസ്യസസ്കൃധി.
3 സനാ ദക്ഷമുത ക്രതുമപ സോമ മൃധോ ജഹി.
അഥാ നോ വസ്യസസ്കൃധി
4 പവീതാരഃ പുനീതന സോമമിന്ദ്രായ പാതവേ.
അഥാ നോ വസ്യസസ്കൃധി.
5 ത്വം സൂര്യേ ന ആ ഭജ തവ ക്രത്വാ തവോതിഭിഃ
അഥാ നോ വസ്യസസ്കൃധി
6 തവ ക്രത്വാ തവോതിഭിർജ്യോക് പശ്യേമ സൂര്യം
അഥാ നോ വസ്യസസ്കൃധി.
7 അഭ്യർഷ സ്വായുധ സോമ ദ്വിബർഹസം രയിം
അഥാ നോ വസ്യസസ്കൃധി.
8 അഭ്യാർഷാനപച്യുതോ വാജിൻത്സമത്സു സാസഹിഃ
അഥാ നോ വസ്യസസ്കൃധി.
9 ത്വാം യജ്ഞൈരവീവൃധൻ പവമാന വിധർമണി
അഥാ നോ വസ്യസസ്കൃധി.
10 രയിം നശ്ചിത്രമശ്വിനമിന്ദോ വിശ്വായുമാ ഭര.
അഥാ നോ വസ്യസസ്കൃധി.

(ഋഷി ഹിരണ്യസ്തൂപൻ. ദേവത പവമാന സോമൻ ഛന്ദസ് ഗായത്രി സ്വരം ഷഡ്ജം)

മഹനായ സോമാ, ഞങ്ങളെ ഭൂമിയിൽ ജേതാക്കളും ഉന്നതൻ ശ്രേഷ്ഠവന്മാരാക്കുക - ഇപ്പോൾ ഉള്ളതിനേക്കാൾ സത്കൃതം ചെയ്യുവരും മംഗളകാരികളുമാക്കുക.

സോമാ, ജ്യോതിസ്സും (ജ്ഞാനം) ശൗര്യവും, സുന്ദരമായ ആനന്ദാദിവിഭൂതികളും തരിക - ഇപ്പോൾ ഉള്ളതിനേക്കാൾ സത്കൃതം ചെയ്യുവരും മംഗളകാരികളുമാക്കുക

സോമാ - ഞങ്ങളെ ദക്ഷരാക്കുക. ക്രതു (കർമ്മ) ത്തിൽ ശക്തി തരിക. ശത്രുക്കളെ ഓടിക്കുക. ഇപ്പോൾ ഉള്ളതിനേക്കാൾ സത്കൃതം ചെയ്യുവരും മംഗളകാരികളുമാക്കുക.

പവിത്രമായതിനെ സാക്ഷാത്കരിച്ചവരേ, ഇന്ദ്രിയനിയന്ത്രണത്തിനുള്ള സോമം ഞങ്ങൾക്കും പകർന്നു തരിക. ഇപ്പോൾ ഉള്ളതിനേക്കാൾ സത്കൃതം ചെയ്യുവരും മംഗളകാരികളുമാക്കുക.

സൂര്യാ, നിന്റെ ജ്ഞാനങ്ങളും, ക്രതുക്കളും ഞങ്ങൾ നിന്നെ അറിഞ്ഞ് സാക്ഷാത്കരിക്കുവനാകട്ടെ. (ഇപ്പോൾ ~~--------~~)
നിന്റെ ക്രതുക്കളും സഹായങ്ങളും നിന്നെ ഞങ്ങൾ ഉന്നതരാകായ

ത്രേതാ സന്ധ്യം (300, 000) എന്നക്കൂട്ടം നോക്കണം. രണ്ടാം ചെയ്തു
കൂട്ടുന്നു. (3 ലക്ഷം ദിനരാത്രമെന്നാൽ 800 ലധികം വർഷം = ഒരു നക്ഷത്ര വർഷം)
ഋഷി. "മത്സ്യ ശക്തിധാവതി" എന്ന വാക്യം 4 സൂക്തത്തിലായി
5 തവണ ഉപയോഗിക്കുന്നു.
സൂക്തം XV ൽ വർഷിരന്ന സ്വാതന്ത്ര്യത്തിന്റെ കടപ്പാടിലാൽ ചെയ്യുന്ന
ദേവഗണത്തിന്റെ കാലഗണന ചെയ്യുന്നു. ഇതേ ഗണനയെന്നും ഹിരണ്യസ്തൂപ
ന്റെ അംഗിരസോ വംശസ്കൃത (170 47729) വും,
അവത്സാരകശ്യപന്റെ മത്സ്യ ശക്തിധാവതി (62758956)
ഉം ചെയ്യുക.
ഹിരണ്യസ്തൂപന്റെ 14154 വർഷം 29 ദിവസം.
അവത്സാരകശ്യപന്റെ 164186 വർഷം 64 ദിവസം.
ഇവ രണ്ടും ചേർന്നാൽ 178340 വർഷം 91 ദിവസം.
സത്യയുഗ സംഖ്യയായ 172800 ത്തിൽ നിന്ന് 5540 വർഷം
വ്യത്യാസം. ത്രേതാ സന്ധ്യം 300000 ത്തിന്റെ 1/3 ഭാഗമാണ്
100000. ഇങ്ങനെ 3 പാദത്തിൽ ഒരു പാദവും, രണ്ടാം പാദത്തി
ന്റെ 72800 വർഷവുമാണ് 172800 എന്ന സത്യയുഗസംഖ്യ. കശ്യപപുത്ര
നായ അവത്സാരൻ, ഹിരണ്യഗർഭൻ (സൂര്യൻ) തുടങ്ങിയവർ കൃതയുഗ
ത്തിലെ ഋഷിമാരാണ്. ശതപഥബ്രാഹ്മണത്തിൽ ത്രേതായുഗാവസാനത്തിലും
ദ്വാപരയുഗാവസാനത്തിലുമാണ്. (3 ലക്ഷം വർഷം ഒരു രാശിമണ്ഡലത്തിന്റെ ആയുസ്സാണ്)
ഇതിന്റെ ധ്രുവൻ, പുനർവസു എന്നിവർ വിശ്വമനാ ഋഷിയുടെ
പുത്രന്മാരെ തന്നെ, പുത്രിമാർ എന്നിവർക്ക് ധാരാളം ധനം
കൊടുത്തവരാണെന്നു പറയുന്നു. (XXXIII. Max Muller - ഋഗ്വേദം.
Vol V. കോൾബ്രൂക്കിന്റെ notes - വിൽസന്റെ തർജ്ജമയുമുണ്ട്.)
ധ്രുവൻ, പുനർവസു എന്ന അശ്വിനികളുടെ പേരാണ് അവത്സാര
കശ്യപകാലത്തെ ധ്രുവൻ, പുനർവസു. 'ആശ്വിനം', അശ്വിനി എന്നീ
പേരുകൾ, ഉലാം വിഷുവ സംബന്ധിയുമാണ്. ശതപഥബ്രാഹ്മണം വിഷുവത്
കാലഗണനയാണ് എടുത്തിരിക്കുന്നത്. അശ്വിന്യാദി മേഷവിഷുവം മുതൽ
(ലഗധ ആയനഗതി), ചൈത്രാദി ഉലാം വിഷുവം മുതൽ (ചെങ്കി
ണോയിലെ ഉലാ എന്ന സങ്കല്പം ആയനഗതി) 180° വ്യത്യാസ
ത്തിൽ ദ്രുമധ്യരേഖാ ഭാഗത്തെ വൃശ്ചിക മന്ദഗതി ചെയ്തിരുന്ന കണക്കാണ്
ആണ്. 800 ഒരു നക്ഷത്രവർഷം ഒരു യുഗമാവുന്ന്. 800 × 27 = 21600 മുതൽ 800 × 28 = 22400 വർഷം ഒരു നക്ഷത്രയുഗം (നാമ) ആയുസ്സ്.

VI
1- ഏതേ ചോദ്യം അസ്വദനീയം? ഭവലേ ശരി.
ഭാരതീയ ധാരയാ
2 ആദി ഗവ്യാനി വിതയ്ക്കുന്ന ദൂര്യനാ പൂനാമനാ ആസ്ഥി.

800 × 390 = 302000 വർഷം. 30 ലക്ഷത്തിൽ പരം.
(13. 20° നക്ഷത്ര വർഷി × 3 = 40. 20 ഭ്രമണാതി 39.)

സൂര്യനായി ഭവിക്കുന്ന (ഈ ശ്ലോകം ...)
അഭിവർദ്ധനം ചെയ്യുന്ന സ്വാധ്യായങ്ങളാൽ ദേവന്മാർ, ഞങ്ങളുടെ
ധനവും ബലവും ജ്ഞാനവും ഉറപ്പായി വരുത്തുക. (ഈ ശ്ലോകം - - -)
കർണ്ണവും അച്യുതി (ദൈവ്യവും നാശവും) ഇല്ലാത്തവനും ഓജസ്വിയും
സമസ്ത (വികാരാദി) ദത്തുമായ കർമ്മങ്ങളിൽ ഞങ്ങളെ ഉണർത്തുക. (ഈ ശ്ലോകം)
നീ യജ്ഞത്തെ അഭിവൃദ്ധിപ്പെടുത്തുന്ന പവമാനനായി ഞങ്ങളുടെ
സർവ്വ ലോകത്തിലും വിളങ്ങുക (ഈ ശ്ലോകം - - -)
സമ്പന്നങ്ങളും വിചിത്രമായ അശ്വിനങ്ങളും കൊണ്ട് ഇദ്ദേഹം,
ഈ വിശ്വത്തെ വർദ്ധിപ്പിക്കുക. (ഈ ശ്ലോകം - - -)
ഹിരണ്യസ്തൂപ ഋഷി ഈ ശ്ലോകം തന്നെ ഈശ്വരൻ നമ്മുടെ
എല്ലാ സൗഭാഗ്യങ്ങളും നൽകുന്നവനാണ്. കൂടുതൽ കൂടുതൽ
സത്കർമ്മം ചെയ്യാനും കൂടുതൽ മംഗളകാരിയായി വിശ്വഹിതം അനു-
ഷ്ഠിക്കാനും ഞങ്ങളെ പ്രാപ്തരാക്കുക എന്നതാണ് പദ്യസൂക്തത്തിലു-
മായി വന്നുചേർന്ന സന്ദേശം ആവർത്തിച്ചത്. "അശ്വിന"ങ്ങ-
ളിനാൽ, അശ്വിനമാസത്തിൽ 10 ദിനം കൊണ്ടാടുന്ന "വിദ്യാ"ഉ-
ത്സവാരംഭചിന്തം. വർദ്ധിച്ചു വരുന്ന വിദ്യയുടെ ദേവിയാണ് പ്രാർത്ഥ-
നതിനാൽ ഇച്ഛാശക്തിക്ക് സർവ്വമംഗളവും ലഭിക്കുന്നു.

V

1 തത്സ മതി യാവതി യാതാ സുതസ്യ സ്വധാ:
തത്സ മതി യാവതി.

2. ഉസ്രാ ദേവ വസൂനാം മർത്യസ്യ ദേവ്യവസ:
തത്സ മതി യാവതി

3 യസ്യ ദേവാ, പൃഥക്ഷേപ്യാരാ സഹസ്രാണി ഭർമ്മഹേ
തത്സ മതി യാവതി

4 അത്ര യഭോസ്മിം ഭരം തൈം സഹസ്രാണി ചഭർമ്മഹേ
തത്സ മതി യാവതി

(ഋഷി അംഗിരസ കശ്യപൻ. ദേവത പവമാന സോമൻ. ഛന്ദസ് ഗായത്രി. സ്വരം ഷഡ്ജം)
സോമയാഗം ചെയ്തവൻ (ഋഷി) സംസാരസമുദ്രത്തെ തരണം ചെയ്തുകൊണ്ടും. തരണം ചെയ്തുകൊണ്ടു.
മനുഷ്യരെ ദേവ്യംശം (ഹിതാംശം) എന്ന ദാനം തന്ന് സംരക്ഷിക്കാൻ
അത് സ്വാർത്ഥ സാധിക്കും. (സമുദ്രം) തരണം ചെയ്തുകൊണ്ടു,
സഹസ്രം പൃഥക്കിലും അയാൾ മഹിമയായി ദാനം ചെയ്യുന്നു. തരണം
ചെയ്തുകൊണ്ടു.

സന്ദർഭം: പവിത്രത.

3. ഉത നോ ഗോമതീരിഷോ വിശ്വാ അർഷ പരിഷ്ടുഭഃ
ഗൃണാനോ ജമദഗ്നിനാ.
(ഋഷി ജമദഗ്നി. ദേവത പവമാന സോമൻ. ഛന്ദസ് ഗായത്രി.
സ്വരം ഷഡ്ജം)

സോമന്റെ ആനന്ദം പകരുന്ന ശക്തിയാൽ മർത്ത്യരായ (മനുഷ്യ) ശരീരത്തിൽ, ഭൂമിയിൽ അനേകം ജ്ഞാനികൾ ചൈതന്യവാന്മാരായി ജീവിച്ചു കൊണ്ടേ ഇരിക്കുന്നു. അവർ ജ്ഞാന ലഹരിയാൽ മറ്റെല്ലാം മറന്ന് വിജ്ഞാന ധാര തങ്ങളുടെ ഹൃദയത്തിൽ ഏറ്റുവാങ്ങുന്നു, എല്ലാവർക്കും കൊടുക്കുന്നു. അനേകം ഗ്രന്ഥങ്ങൾ, ജ്ഞാന രശ്മികൾ വഴി അനന്തം വ്യാപിച്ച് ആനന്ദമായി പവിത്രമായി മനുഷ്യഹൃദയങ്ങളിൽ പ്രവേശിക്കുന്നു; ജ്ഞാനം വഴിയുന്നതിനാൽ അവയെ ശുദ്ധമാക്കുന്നു. ജ്ഞാനവും ആനന്ദവും നൽകുന്നവനെ അറിവിലും വിണ്ണിലും സ്തുതിച്ചുകൊണ്ടും. ഗോമതികളുടെ (പ്രകാശ രശ്മികൾ; വാക്കിനാൽ പ്രചോദിക്കുന്ന മനസ്സ്, ജ്ഞാനപ്രകാശം; ധാരണം കനകാദിസമ്പത്തുകൾ) ആർദ്രമായ ഋഷിഗണത്തിൽ പ്രപഞ്ചം മുഴുവൻ വ്യാപിക്കുന്ന സ്തോത്രം നിറച്ചു. ജമദഗ്നികളുടെ ഹൃദയത്തിൽ വസിക്കുക. ജമദഗ്നി പരശുരാമന്റെ) അച്ഛൻ. രാമായണകാലത്തിന് തൊട്ടുമുമ്പ് മഹർഷിയിലെ കാർത്തവീര്യ സമകാലീനനായി ത്രേതായുഗത്തിൽ ഇന്ത്യയുടെ ചരിത്രത്തിൽ തിളങ്ങി വരുന്നു. ആനന്ദത്തിന്റെ അഗ്നി എന്നും, കാട്ടുപന്തി എന്നും ജമദഗ്നിക്ക് അർത്ഥമുണ്ട്. ത്രേതായുഗം പകുതിയുടെ രാമായണ കാലഘട്ടം ദേവിക്കുള്ളതാണ്.

VII 1 ഇമം സ്തോമമർഹതേ ജാതവേദസേ രഥമിവ സം മഹേമാ മനീഷയാ.
ഭദ്രാ ഹി നഃ പ്രമതിരസ്യ സംസദ്യഗ്നേ സഖ്യേ മാ രിഷാമാ വയം തവ

2 യസ്മൈ ത്വമായജസേ സ സാധത്യനർവാ ക്ഷേതി ദധതേ സുവീര്യം
സ തൂതാവ നൈനമശ്നോത്യംഹതിരഗ്നേ സഖ്യേ മാ രിഷാമാ വയം തവ.
3 ശകേമ ത്വാ സമിധം സാധയാ ധിയസ്ത്വേ ദേവാ ഹവിരദന്ത്യാഹുതം
ത്വമാദിത്യാം ആ വഹ താൻ ഹ്യുശ്മസ്യഗ്നേ സഖ്യേ മാ രിഷാമാ വയം തവ
(ഋഷി കുത്സ: ആംഗിരസൻ. ദേവത അഗ്നി.
ഛന്ദസ് ജഗതി. സ്വരം നിഷാദം)

ജാതവേദസ്സായ അഗ്നേ, ഞങ്ങൾ മനീഷയുടെ സർവ്വ ഭാഗ്യത്തിനും (ഇ)
ഞങ്ങളുടെ ധ്രുവമായ അഭീഷ്ടങ്ങൾക്കു വേണ്ടി രചിച്ച ഈ സ്തോത്രം അവിടുന്നേക്കു.
മാത്രം അർപ്പിക്കപ്പെട്ടതാണ്. (ദ്യു)മതിയായ അവിടുന്നേ ഭദ്രമായ
സാന്നിദ്ധ്യത്താൽ സംസദിൽ (സഭ/സമിതി) അവിടുന്നു പ്രസന്നനായ ഞങ്ങൾ ശോഭിക്കട്ടെ,
ഞങ്ങൾക്ക് തോൽവിയരുത്. ഹരോ, ഞങ്ങൾ അവിടുത്തെയും ആപ്തന്മാരാണ്.
(അങ്ങയുടേതാണ്).

ഇഷ്മന്നാൽ നിറഞ്ഞ ഞങ്ങൾ ഹൃഷ്ടരാകുന്നു. (ഇഷ് മം - വാക്യം - ഇഷ്
ഭവാഹകനാണ് അഗ്നി). ഹവിസ്സാൽ നിന്റെ ഐശ്വര്യം പൂർവ്വത്തിലും അപ-
രാഹ്നത്തിലും ഞങ്ങൾ വർദ്ധിപ്പിക്കുന്നു. ദോഷാദോഷാ വസ്തത്തിലും ഞങ്ങ-
ളുടെ ധീ സാധനകളാൽ ശോഭിപ്പിക്കുക; ജീവിതം സഫലമാക്കിത്തരിക.
നിന്റെ സഖ്യത്താൽ ഞങ്ങൾ അപരാജിതരാവട്ടെ. ഞങ്ങൾ അങ്ങയുടേതാ-
ണ്

ശക്തമാകുന്ന സമിതിനാൽ ഞങ്ങൾ നിറഞ്ഞ ഹൃഷ്ടരാകുന്നു, ധീരമായ സാധന-
കളാൽ ശോഭിതമാക്കിത്തരിക. ദേവന്മാർ (ദ്യുകാരം വാഹകർ/ജ്ഞാനികൾ)
നിന്നിൽ ആഹുതമായ ഹവിസ്സാൽ മാത്രം ആനന്ദിക്കുന്നു. ആദിത്യനിലിരി-
ക്കുന്ന ദൈവിക ശക്തികൾ, ആദിത്യനായി ഞങ്ങൾക്കും തരിക. നിന്റെ
സഖികളായ ഞങ്ങൾ അപരാജിതരാണ്. ഞങ്ങൾ അങ്ങയുടേതാണ്.
ശതം ഒരു സംവത്സരമാണ്. യുധിഷ്ഠിര ശതം ഉദാഹരണം.
ശതം എന്നാൽ 51 എന്ന അക്ഷര സംഖ്യ. 15 (തിരിച്ചിട്ടാൽ) എന്നത്
തിഥിനിത്യാ സംഖ്യ. 51 വർണ്ണാക്ഷരത്താൽ 15 തിഥിനിത്യകളിലും
പൂർവ്വത്തിലും, അപരത്തിലും ദോഷാവസ്തത്തിലും ചെയ്യുന്ന ശ്രീവി-
ദ്യാ ഉപാസനയാണ് അംഗീകരിക്കപ്പെടേണ്ടത്.
ആരണ്യകാണ്ഡം പ്രപാ. 1 അനു. 2 ദശകം 7 ഋ. 4 ആണ്
ആദ്യസൂക്തം. ശരീരവും ക്ഷേത്രവും നഗരം പോലെ മനോഹരമായി
സൃഷ്ടിക്കപ്പെട്ട് സംസദിൽ (സഭ/പരിഷത്ത്) ധ്രുവമായി അപരാജിതരായി
സർവ്വതോഭദ്രം ലഭിക്കുന്ന ശരീരമാകുന്ന വാഹനങ്ങളാണിവ. അഗ്നി യജമാ-
നിലും, ധ്രുവിലും ശിഷ്യനിലും ഇരിക്കുന്ന അഗ്നിയും, സൂര്യാദികളും,
സർവ്വഭൂതങ്ങളിലെ അഗ്നിയുമായി അദ്വൈതഭാവത്തിൽ ആനന്ദം അറിയുന്നു.
ദ്യുമതി = 256 (16×16) എന്ന അക്ഷരമാണ്, ഒരു വാക്യവിന്റെ
ഫലമാണ്.

VIII. 1 ഭൂമി വാഗ് സൂക്ത ഉദിതമന്ത്രം ദൃശ്യദേവ വചനം
അനുഷ്ഠാനം വിശാരദം
2 നായാ നിർണ്ണയാ മതിസ്ഥിര മൃദുകായ ശരീരം
ഇയം വിദ്യാ ദേവസാധകേ

3 തേ ഗ്രാമദേവ വരുണതേ മിത്ര സുമതി: സദാ
ഇദം സ്വധാ യിമതി
(ഋഷി: വസിഷ്ഠൻ. ദേവത ആദിത്യൻ ഛന്ദസ് ഗായത്രി. സ്വരം ഷഡ്ജം)
ഓരോരോ ദിനം സൂര്യോദയത്തിലും സൂര്യൻ മിത്രമായ വരുണനെ (ജലത്തെ)
സ്വീകരിക്കുന്നു. പരസ്പരം ആരാധിക്കുന്നു. പ്രതിബന്ധമെല്ലാം നീക്കുന്ന
അദ്യമാവിനെ ഞാൻ ആരാധിക്കുന്നു.
നാമിയും സുവർണ്ണവും (രാജ്യത്തിൽ / രക്ഷിത സുവർണ്ണം / വരുണ സൂര്യന്മാർ)
ചേർന്ന് ഈ മതി (മനുഷ്യബുദ്ധി) അനുകമായ (അഹിംസാപരമായ)
ശക്തിക്കു വേണ്ടി ഉപയോഗിക്കട്ടെ. ഈ വിദ്യയുടെ മേധ ശുദ്ധമായിരി
ക്കട്ടെ.
ഗ്രാമവർത്തമായ പ്രകാശദേവതയായ വരുണാ, പ്രകാശിക്കുന്ന മിത്ര
മായ സൂര്യനോടു ചേർന്ന് നീ സ്വധയായി നിന്നാലും.
കടലും ഭൂമിയും ജലദേവതയും ഹരിതഗ്രാമമായ ഹരിത്ത്രിത്വം.
സൂര്യനും ആകാശതാരങ്ങളും സുവർണ്ണമായ ഹരിത്ത്രിത്വം.
ഇവയെല്ലാം ചേർന്ന് അഖണ്ഡസ്വരൂപമാണ് വിഷ്ണുവിന്റേത്.
സൂര്യവംശകുലഗുരുവായ വസിഷ്ഠൻ മൈത്രാവരുണിയാണ്.

IX

1 ദിവി വിശ്വാ അധി ശ്രിയ: പതിര്യോ യഃ ജീവ്യ:
വസു സ്പാർഹം തദാ ഭര.
2 യസ്യ തേ വിശ്വമാനുഷഗ് ഭൂരേർദത്തസ്യ വേദതി
വസു സ്പാർഹം തദാ ഭര.
3. യദ്വീഡാവിന്ദ്ര യത് സ്ഥിരേ യത് പർശാനേ പരാഭൃതം
വസു സ്പാർഹം തദാ ഭര.
(ഋഷി ത്രിശോക കാണ്വൻ. ദേവത ഇന്ദ്രൻ ഛന്ദസ് ഗായത്രി
സ്വരം ഷഡ്ജം)
വിശ്വത്തെ മുഴുവൻ സർവ്വ വിത്തവും വെളിച്ചം ഉൾക്കൊള്ളുക. മനുഷ്യ
ലക്ഷ്യം സാധകമായ ധനങ്ങളെ ഉപയോഗിക്കുക. അഭിവൃദ്ധിയുമായ
(അനുയോജനമായ) ധനമായി സമ്പാദിക്കുക.
അനേകം ധനം (ജ്ഞാനധനം) വിശ്വമാനവരായ (വിശ്വമാന
വർ – world citizens) ആയ നമ്മളിൽ ചൊരിയുക.
നീ "ദത്ത"നെന്ന (നൽകുന്നവൻ / ദാനം ചെയ്യുന്നവൻ)
പോലുള്ളവനാണ് എന്ന് എല്ലാവരും അറിയുന്ന (ജ്ഞാനത്തെയും)
അനുയോജ്യമായ ധനമായി സമ്പാദിക്കുക.
സ്ഥിരമായ ധൈര്യവും ഇന്ദ്രിയനിഗ്രഹവും ദർശന ശക്തിയും തരിക.
അനുയോജ്യമായ ധനമായി സമ്പാദിക്കട്ടെ.

(ആദ്യ സൂക്തം ഋഗ്വേദം അധ്യാ. 2. ദശകം 2. സൂ. 10.
മൂന്നാം സൂക്തം " ശുക്ലം. 3 അദ്ധ്യാ 1. ദശകം 2 സൂ 4.)

ബ്രാഹ്മ, ക്ഷത്ര, വൈശ്യാദികളായ സർവ്വരാലും ഇതേ വരമാണ് "ത്രിലോകം" നിർമാനായി (താപത്രയം) ആത്മിക ശക്തികളെ ഇതിൽ നിന്നകറ്റാനാം. മാത്രമല്ല "വിശ്വമാനവൻ" (world citizen) എന്ന പദം ആദ്യമായി ഇവിടെ ഉപയോഗിച്ചിരിക്കുന്നു. ത്രൈവർ (ത്രൈവർണ്ണികൻ) എന്ന (ബ്രാഹ്മണ്യ, ക്ഷത്രിയ, വൈശ്യാദി മൂന്നു വർണ്ണജ്ഞാനവും ഉള്ളവനത്രെ-) അതിയാണ് വിശ്വമാനവനാകാൻ ഇന്ദ്രനെ ഉപാസിക്കുന്നവൻ. ത്രൈവർണ്ണികൻ മാനവികതയിലെ യാദവവംശ ഉദയും കേരളത്തിലെ 'മൂഷകവംശ'ത്തിലെ ആദ്യ ചക്രവർത്തിയുടെ രചിതാവുമാണ്.

X 1 യജ്ഞസ്യ ഹി സ്ഥ ഋത്വിജാ സസ്നീ വാജേഷു കർമ്മസു.
ഇന്ദ്രാഗ്നീ തസ്യ ബോധതം.
2 തോശാസാ രഥയാവാനാ വൃത്രഹണാപരാജിതാ
ഇന്ദ്രാഗ്നീ തസ്യ ബോധതം
3 ഇദം വാം മദിരം മധ്വധുക്ഷന്നദ്രിഭിർനരഃ
ഇന്ദ്രാഗ്നീ തസ്യ ബോധതം.
(ഋഷി വിശ്വാമിത്രൻ. ദേവത ഇന്ദ്രാഗ്നി. ഛന്ദസ് ഗായത്രി സ്വരം ഷഡ്ജം)

യജ്ഞത്തിൽ സ്തുതി ചെയ്യുന്ന ഋത്വിക്കുകളിൽ നിന്ന് ജനിച്ച ഓജസ്സും കർമ്മവും യജ്ഞത്തെ പോഷിപ്പിക്കുന്നു. ഇന്ദ്രാഗ്നികളേ, അവയെ എനിക്ക് ബോധിപ്പിച്ചാലും (ഓജസ്സും യജ്ഞവുമായി ബോധിയിൽ സദാ ഇരുന്ന് ഉണർവ്വു നൽകിയാലും. മധുവിനോട് ജ്ഞാനം ദാനം ചെയ്യാൻ അഭ്യർത്ഥിക്കുന്നു)

ജീവിതായോധനത്തിൽ അപരാജിതത്വം, വൃത്രഹന്തൃത്വം (ശത്രു സംഹാരം/ വികാരനാശനം) ഇവയോടെ രഥം നടത്തുവാനും അജ്ഞാന നാശത്താൽ തോഷം (ആനന്ദം) ലഭിക്കാനും കാരണമായ ഇന്ദ്രാഗ്നികളേ, എനിക്ക് ഉദ്ബോധനങ്ങൾ തരിക.

ദുഃഖങ്ങളിലും അദ്രികളിലും നിന്ന് ലഭിക്കുന്ന മധുവിനെപ്പോലെയുള്ള ഈ ജ്ഞാന മാധുര്യ മദിര (വിദ്യ/ശ്രീത്വം) നരന്മാർക്ക് നൽകിയാലും. ഇന്ദ്രാഗ്നേ, ഉദ്ബോധനം നൽകുക.
മധുവിദ്യ (ശ്രീവിദ്യ) യാണ്

XI 1 ഇന്ദ്രായേന്ദോ മരുത്വതേ പവസ്വ മധുമത്തമഃ
ഋതസ്യ യോനിമാസദം
2 തം ത്വാ വിപ്രാ വചോവിദഃ പരിഷ്കൃണ്വന്തി ധർണ്ണസിം.

സം ത്വാ മൃജന്ത്യായവഃ

3 രസം തേ മിത്രോ അര്യമാ പിബന്തു വരുണഃ കവേ
പവമാനസ്യ മരുതഃ

(ഋഷി) കശ്യപൻ ദേവത പവമാനസോമൻ. ഛന്ദസ് ഗായത്രി. സ്വരം ഷഡ്ജം)

ഇന്ദ്രനായി ഇരുന്ന, ശുദ്ധമനനായ നീ മരുത്തുക്കളോടൊപ്പം പവിത്രീകരിച്ചു സഞ്ചരിക്കുന്നു. അതിന്റെ (സൂര്യന്റെ) യോനിയിൽ ഇരിക്കുന്നു. മേധാവികളായ വിപ്രന്മാർ (വേദവാക്കിനെ അറിയുന്ന ബ്രാഹ്മണർ) നിന്നെ സ്തുതിച്ചുകൊണ്ട് യജ്ഞത്തിൽ പവിത്രീകരിക്കുന്നു. നിന്നാൽ അവർ ശുദ്ധി നേടുന്നു.

കവേ, നിന്റെ (വാക്കിലെ) രസം മിത്രനും അര്യമാവും വരുണനും രസിച്ചു കുടിക്കുന്നു. മരുത്തുക്കൾ അവയാൽ പവമാനന്മാരായി സദാ സഞ്ചരിക്കുന്നു.

അഗ്നിയിൽ ആഹുതിചെയ്ത സോമവും സുഗന്ധദ്രവ്യവും (വനനാൾ) ചൂടിനാൽ നീരാവിയായി മേഘമായി ഉയർന്നു സഞ്ചരിക്കുന്നത് പിന്നീടു മഴയായി പെയ്തു ഭൂമിയെ ജലസമൃദ്ധവും അന്നസമൃദ്ധവും ജീവസമൃദ്ധവും ജ്ഞാനസമൃദ്ധവുമാക്കാനാണ്. ജലമയമായ ചന്ദ്രൻ മരുത്തുക്കളോടൊപ്പം സഞ്ചരിക്കുന്നു; സൂര്യയോനിയായ ഭൂമിയുടെ മടിയിൽ (അന്തരീക്ഷമണ്ഡലത്തിൽ) ഇരിക്കുന്നു. ഇത് ഭൂമിയിൽ ജലം വർഷിക്കാനാണ്. വിപ്രന്മാർ കഠിനതപസ്സു ചെയ്തു വേദവാക്കിനെ അറിയുന്നത് പ്രപഞ്ചത്തെ വിദ്യകൊണ്ട് സംസ്കൃതമാക്കാനാണ്. കവികളുടെ (ഋഷികവി) വേദവാക്കിലെ രസം നുകരുന്ന പ്രകൃതിശക്തികൾ ആ രസത്തെ പതിന്മടങ്ങാക്കി ഭൂമിയിൽ നന്നായി മഴ പെയ്യിക്കുന്നു. അര്യമാവ് സമാനനും മിത്രൻ പ്രാണനും, വരുണൻ അപാനനും മരുത്തുക്കൾ മറ്റു ഉപവായുക്കളുമാണ്.

പവമാനകാണ്ഡം - അദ്ധ്യായം 5. ദശതി 1. സൂക്തം 6. ഇവിടെ ആദ്യ സൂക്തമാണ്.

XII

1 മൃജ്യമാനഃ സുഹസ്ത്യ സമുദ്രേ വാചമിന്വസി
രയിം പിശംഗം ബഹുലം പുരുസ്പൃഹം പവമാനാഭ്യർഷസി.

2 പുനാനോ വാരേ പവമാനോ അവ്യയേ വൃഷോ അചിക്രദദ്വനേ
ദേവാനാം സോമ പവമാന നിഷ്കൃതം ഗോഭിരഞ്ജാനോ അർഷസി.

[ഋഷി - സപ്തർഷികൾ ദേവത പവമാനസോമൻ ഛന്ദസ് ബാർഹതപ്രഗാഥം (1 - ബൃഹതി - 2 സതോബൃഹതി) സ്വരം 1 മദ്ധ്യമം 2 പഞ്ചമം]

ശുദ്ധ്യവാൻ അലങ്കരിക്കപ്പെടുന്ന നീ (ഋഷി/ആത്മാവ്) നല്ല ഹസ്തങ്ങളാൽ

(ആനന്ദ / ഹാസ്യം അഥവാ കല്ലോലം) സമുദ്രത്തിന്റെ വേദവാണി ഉച്ചരിക്കുന്നു. രത്നവും മണ്ണും (സ്വർണ്ണവർണ്ണം) പൂർണ്ണമായ ബഹുലത്തെ (ബഹുലതാരം / ധാരാളം) ധാരാളം ആശിക്കുന്നവർക്കായി പവമാനൻ വർഷിക്കുന്നു.
[വേദവാണി (സരസ്വതി / ശ്രീവിദ്യ) സമുദ്രത്തിൽ ആനന്ദത്തെ (ഗംഗാലക്ഷ്മി / ഗണപതിയോടു കൂടി പാർവ്വതി / ഗണപതിയോടുകൂടിയ സരസ്വതി) സ്തുതിക്കപ്പെട്ടു കാണിച്ചു. കല്ലോലം ജ്ഞാനത്താൽ കടലിലൂടെ ഭോഗ / മുക്തിപരമായ ആനന്ദം ലഭിക്കും. രത്നം, സ്വർണ്ണാദികൾ ജ്ഞാനം കൊണ്ടു നേടാം. ബഹുലനക്ഷത്രത്തിൽ സൂര്യനിൽ നിന്നുപോലും വീശുന്ന കാറ്റിൽ നിന്ന്- ഇവ ലഭിക്കുന്നു.]
ഈ സൂക്തം പവമാനസോമം. ഋഗ്വേദം 6. അർദ്ധം 1. ദശകം 5. സൂക്തം 7 തന്നെയാണ്.
ധാരം ധാരം ഇന്ദ്രിയങ്ങളിലൂടെ പവമാനൻ (പ്രാണവായു) അവ്യയമായ വർഷത്തോടൊപ്പം നാദവും സൃഷ്ടിക്കുന്നു. ദേവന്മാർക്ക് പവമാന സോമൻ നിവർത്തനമായ (ക്ഷൗരം / നിവർത്തനം) കർമ്മരഹിതമായ ധാരകളും (ധാരകൾ / രശ്മികൾ) വർഷിച്ചുകൊണ്ട് ജ്ഞാനപ്രകാശം ചൊരിയുന്നു. പ്രപഞ്ചത്തിലെങ്ങും വ്യാപിച്ച നാദം, പ്രകാശം, പ്രാണശക്തി തന്നെ ശരീരത്തിലും വ്യാപിച്ചിരിക്കുന്നത്. ഇന്ദ്രിയമായ പ്രാണങ്ങൾക്ക് (ഇന്ദ്രിയങ്ങൾ) മധ്യത്തിൽ ജ്ഞാനപ്രകാശം ചിറക്കുന്നു. ഇന്ദ്രിയമായ പ്രാണാപാനന്മാർക്ക് മധ്യത്തിൽ നാദം പിറക്കുന്നു. ഈ മധുവിദ്യ ജനിക്കുന്നത് അനന്തശായിയായി യോഗനിദ്ര ചെയ്യുന്ന പുരുഷോത്തമന്റെ "സമുദ്ര"ഹൃദയത്തിലാണ്. പടിഞ്ഞാറൻ സമുദ്രതീരം ഗംഗകൾ (ഹൃദ്യ) ആകൃഷ്ടിക്കപ്പെടും. ഹാസ്യം (മുഴക്കം) കൊണ്ട് ഹൃദയം ആകർഷിക്കുന്ന കാറ്റ് (ശില്പി / കാവിയൻ) ആകർഷിക്കപ്പെടും. അതിനാൽ ജ്ഞാനം പിറന്ന വീടായി, കാലവർഷക്കാറ്റുകളാൽ ധാരാളം മഴ ക്രമമായി ലഭിക്കുന്ന പടിഞ്ഞാറൻ സമുദ്രതീരത്തെ സങ്കല്പിക്കുന്നു.
XIII 1 പവതേ ഹര്യതോ ഹരിരതി ഹ്വരാംസി രംഹ്യാ. അഭ്യർഷൻ സ്തോതൃഭ്യോ വീരവദ്യശഃ.
2 പരി സ്തോതൃഭ്യോ വായുനാ സ്തുത ഏതി പവിത്രയാ. സം സൂര്യസ്യ രശ്മിഭിഃ.
3 സ നോ ദേവായ വായവേ ദ്യുക്ഷം പവസ്വ മധുമാൻ. ചാരു മിത്രേ വരുണേ ച
(ഋഷി അസിതഃ. ദേവത പവമാന സോമൻ. ഛന്ദസ് ഗായത്രി. സ്വരം ഷഡ്ജം).
പത്തു വേർ (ദിശകൾ / പ്രാണങ്ങൾ) ഈ സിന്ധുമാതാവിനെ അലങ്കരിക്കുന്നു. ~~ആത്മ~~ ആദിത്യനാൽ ഇവയെ സമമായി അളന്ന് അറിയപ്പെടുന്നു. ഇന്ദ്രിയനിയമനം ചെയ്ത വായുവാൽ പവിത്രമായ ആനന്ദം അനുഭവപ്പെടുന്നു. അത് സൂര്യന്റെ രശ്മികളോടും ഒന്നു ചേരുന്നു. ദേഹത്തിനായി വായു ദ്യുക്ഷമായി, മധുമാനായി സഞ്ചരിക്കുന്നു; ചാരു മിത്രനിലും വരുണനിലും സഞ്ചരിക്കുന്നു. ദശേന്ദ്രിയം, ദശപ്രാണം, ദശദിക്കുകൾ ഇവയിൽ ശരീരം, അന്തരിക്ഷം,

ക്ഷു ശബ്ദം, ഐശ്വര്യം ഇവയിലെല്ലാം പവമാന സോമരസം ഉപയുക്തമായിട്ടു

ള്ളതും ഒഴുകി ഐശ്വര്യവും നൽകുന്നു.

XIV 1 രേവതീർനഃ സധമാദ ഇന്ദ്രേ സന്തു തുവിവാജാഃ

ക്ഷുമന്തോ യാഭിർമദേമ.

2. ആ ഘ ത്വാവാന്ത്മനാപ്തഃ സ്തോതൃഭ്യോ ധൃഷ്ണവിയാനഃ

ഋണോരക്ഷം ന ചക്ര്യോഃ

3. ആ യദ്ദുവഃ ശതക്രതവാ കാമം ജരിതൄണാം.

ഋണോരക്ഷം ന ശചീഭിഃ

(ഋഷി. ശുനഃശേപ ആജീഗർതി. ദേവത ഇന്ദ്രൻ. ഛന്ദസ് ഗായത്രി. സ്വരം ഷഡ്ജം.)

ഇന്ദ്രന്റെ സന്തോഷത്താൽ വാജീകരിക്കപ്പെട്ട്, സമ്പന്നരായ രേവതികൾ (ദൈവിക നാരി) ഞങ്ങൾക്ക് അന്നം പ്രദാനം ചെയ്ത് ആനന്ദലഹരി അടയട്ടെ. വിഷയവികാരങ്ങളെ അടക്കി, ചക്രങ്ങളോടു ചേർത്തിട്ടുള്ള അക്ഷം പോലെ ശുദ്ധമായ മനസ്സ് (ബുദ്ധി) തന്നിൽ ശുദ്ധമായ യാനത്തിന് (ജീവിതസഞ്ചാരം) ഉതകട്ടെ. ലക്ഷ്യത്തിൽ എത്തട്ടെ.

ശതക്രതുവിന്റെ ഭക്തന്മാരുടെ കാമങ്ങളെല്ലാം സാധിപ്പിക്കുന്നതും ശക്തിയോട് ചേർത്തിട്ടുള്ള അക്ഷം ചേർന്നിരിക്കുന്ന മനസ്സ് (ബുദ്ധി) ശ്രേഷ്ഠങ്ങളെല്ലാം സമ്പാദിച്ച് ലക്ഷ്യം പ്രാപിക്കട്ടെ.

XV 1 സുരൂപകൃത്നുമൂതയേ സുദുഘാമിവ ഗോദുഹേ

ജുഹൂമസി ദ്യവിദ്യവി

2 ഉപ നഃ സവനാ ഗഹി സോമസ്യ സോമപാഃ പിബ

ഗോദാ ഇദ്രേവതോ മദഃ

3 അഥാ തേ അന്തമാനാം വിദ്യാമ സുമതീനാം

മാ നോ അതി ഖ്യ ആ ഗഹി.

(ഋഷി മധുച്ഛന്ദസ് വൈശ്വാമിത്ര. ദേവത ഇന്ദ്രൻ ഛന്ദസ് ഗായത്രി സ്വരം ഷഡ്ജം) സുരൂപയായ (നല്ല രൂപം ഉള്ള പശു) പശുവിനെ കറക്കാൻ വിളിക്കുമ്പോഴെന്ന പോലെ അനേകം സുരൂപങ്ങളെ സൃഷ്ടിച്ചവനെ (ഇന്ദ്രനെ) ഞങ്ങൾ വിളിക്കുന്നു. ദ്യാവാ (ആകാശം) തോറും ആ വിളി (ആഹ്വാനം) നിരന്തരം മുഴങ്ങുന്നു. ഞങ്ങളുടെ സമീപത്തേക്ക് വരിക. സവനങ്ങളിൽ സോമത്തിന്റെ സോമപനായി വന്ന് ഇത് (സോമം/ ആനന്ദം) കുടിക്ക. ഇന്ദ്രൻ (ഗോദാ - പശുദാനം, അന്നദാനം, ധനദാനം) തന്ന് എല്ലാവരെയും ആനന്ദ ലഹരി അനുഭവിപ്പിക്കുക.

സുമതി മണ്ഡല (ഒരു മനസ്സ്/ ജ്ഞാനം ഉളള) സ്ത്രീകളുടെ സാമീപ്യ
ത്താൽ തന്നെയും മംഗളകരമായ ജ്ഞാനം നേടട്ടെ. മറക്കരുത്. നന്മയുടെ
പ്രകാശത്തിൽ വരിക. സംരക്ഷിക്കുക.

ഇന്ദ്രനോടും പ്രകൃതിയോടും ഉദ്യതിയോടും നാരായണിയോടുമുളള
അഭ്യർത്ഥനയാണിത്.

XVI/ ഇദം ലിംഗ ഭേദമില്ലാത്ത പ്രാർത്ഥന ഇവ.

മഹാലക്ഷ്മീനാം സർവ്വം ചക്ഷിണാം
ദേവി ജനിത്രി ജീവനദ് ഭദ്രാ ജനിത്രി ജീവനത്

2. ദിവ്യം സർവ്വം യഥാ ശക്തിം ദേവി മനുഷ:
പൂർണ്ണ മാലവർണ്ണാ വ ലോക ദേവാ യഥായമ:
ദേവി ജനിത്രി ജീവനദ് ഭദ്രാ ജനിത്രി ജീവനത്

3. അവശ്യ ശുദ്ധതായതേ മന്ത്രസ്യ തന്ത്രസ്ത്രീനാം
അയുതം തവീം ക്രിയാ ദേയാ അന്യൂനം അതിരാത്രം സ്തുതി
ദേവി ജനിത്രി ജീവനദ് ഭദ്രാ ജനിത്രി ജീവനത്.

(ഋഷിമാർ – മായാനാ ദേവവനായൻ, ഉത്തരാർദ്ധ്യ ഗോത്രം.
ദേവത ഇന്ദ്രൻ. ഛന്ദസ് മഹാപംക്തി. സ്വരം പഞ്ചമം).

(തന്ത്ര കാണ്ഡം പ്രപാഠകം 4 അനുവാകം 2 അധ്യായം 4 ഖണ്ഡം 3 മന്ത്രം
10 തന്നെ ഒന്നാം മന്ത്രം) → ഒന്നാമത് അതിലെ ഋഷിമാരാണ് ദേവാദിയ
ഒന്നാണ് കാണുന്നത്.

വാഗ്ദേവതയായി വേദത്തിന്റെ ജനനിയായി ദേവിയായി ഭദ്രയായി ശക്തിയെ
സ്തുതിക്കുന്ന 3 മന്ത്രങ്ങളാണിവ.

ഉദിച്ച് പ്രപഞ്ചത്തെ പ്രകാശത്താൽ നിറയ്ക്കുന്നതു പോലെ ഇന്ദ്രാ, നീ നാമങ്ങ
ളും പ്രകാശത്താലും ആകാശവും ഭൂമിയും നിറച്ചു കൊണ്ട് ഉദിക്കുന്നു. മഹാലക്ഷ്മി
യുടെ സീമയായ (മഹത്വം) നിന്നാൽ മഹിയിൽ (ഭൂമിയിൽ) സാമ്രാജ്യങ്ങൾ
ജ്ഞാനികളായ ഭക്തന്മാർ ഉണ്ടാക്കപ്പെട്ടു. “ജനയിത്രിയായ ദേവി അഭി
വ്യക്തമായി. ജനയിത്രിയായ ഭദ്ര അഭിവ്യക്തമായി.”

ദീർഘമായ അനുശാസനത്താൽ പ്രത്യേകം ശക്തികളെ വർദ്ധിപ്പിക്കുന്നവോ അപ്ര
കാരം അവ അറിയപ്പെടുന്നു (മനനം ചെയ്യപ്പെടുന്നു). മുമ്പ് മാലവാൻ
